# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വയലാർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ആലപ്പുഴ-688001**

**ഇ-മെയിൽ: ddhglfalpy@gmail.com**
**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 2 - 928/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 27/11/2024
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വയലാർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വയലാർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വയലാർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 2 - 928/24 തീയ്യതി: 27/11/2024

# ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2023 മുതൽ 30-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലിജിലാൽ ബി. | ഡെപ്യൂട്ടി ഡയറക്ടർ | 23-09-2024 | 01-10-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-09-2024 | 01-10-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സാബു പി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.റോയ്.ടി.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജാക്വിലിൻ പി.ഡബ്ലിയു., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ പി.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. കവിത ഷാജി | പ്രസിഡന്റ് | 01-04-2023 | 30-06-2023 |
| ശ്രീ.ഗോപിനാഥൻ | പ്രസിഡന്റ് | 01-07-2023 | 25-07-2023 |
| ശ്രീമതി. ഓമന ബാനർജി | പ്രസിഡന്റ് | 26-07-2023 | 31-03-2024 |
| ശ്രീമതി. ലത.എ.മേനോൻ | സെക്രട്ടറി | 01-04-2023 | 31-05-2023 |
| ശ്രീ.അനീഷ് .കെ.ടി | സെക്രട്ടറി | 01-06-2023 | 15-06-2023 |
| ശ്രീമതി. ഷിജി രാജൻ .ടി.ആർ | സെക്രട്ടറി | 16-06-2023 | 12-07-2023 |

| | | | |
|---|---|---|---|
| ശ്രീ.ക്ലീറ്റസ് .ഇ | സെക്രട്ടറി | 13-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അഖിൽരാജ് | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. അഞ്ജലി. ബി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2023 | 20-06-2023 |
| ഡോ. അഖില. ബി.ജയകുമാർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 21-06-2023 | 31-03-2024 |
| ഡോ. ഹേമ ട്രീസ മാത്യു | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ. ഷംസാ ജമാൽ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 17-07-2023 |
| ഡോ. ബലരാജ്.എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 18-07-2023 | 31-03-2024 |
| ശ്രീമതി. ലീന ഡെന്നീസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2023 | 31-03-2024 |
| ശ്രീ. സുനീഷ് .കെ. ജെ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, വയലാർ | 01-04-2023 | 18-07-2023 |
| ശ്രീമതി. ബിൻസി അഗസ്റ്റിൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, വയലാർ | 19-07-2023 | 31-03-2024 |
| ശ്രീമതി. താരാദേവി ആർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, ഒളതല | 01-04-2023 | 18-07-2023 |
| ശ്രീ. സുനീഷ് .കെ. ജെ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, ഒളതല | 19-07-2023 | 31-03-2024 |
| ശ്രീമതി. മോനിഷ. എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.സജീന.ടി.എ | എച്ച്.എം ഗവ.എൽ പി എസ്, വയലാർ | 01-04-2023 | 04-06-2023 |
| ശ്രീമതി.ആശ .ആർ | എച്ച്.എം ഗവ.എൽ പി എസ്, വയലാർ | 05-06-2023 | 29-07-2023 |
| ശ്രീമതി.ആശ .എം.ജെ | എച്ച്.എം ഗവ.എൽ പി എസ്, വയലാർ | 30-07-2023 | 31-03-2024 |
| ശ്രീ. വിനീത്. എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 17-07-2023 |
| ശ്രീമതി. ഗായത്രി.കെ.എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 18-07-2023 | 31-03-2024 |
| ശ്രീ. ദിനേശ് കുമാർ. കെ. എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി. ഷിജി രാജൻ .ടി.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 12-07-2023 |
| ശ്രീമതി.സുധർമിണി.ടി.വി | അസിസ്റ്റന്റ് സെക്രട്ടറി | 13-07-2023 | 15-10-2023 |
| ശ്രീമതി. സരിത.എൽ | അസിസ്റ്റന്റ് സെക്രട്ടറി | 16-10-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | റേഷ്യോസ്, നോട്സ് ടു അക്കൌണ്ട്സ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ഗ്രാന്റിനത്തിൽ ലഭിച്ച തുക ശരിയായ ഹെഡ്ഡിൽ വരവ് വച്ചില്ല | 1-1-2 |
| 4 | ചെലവഴിക്കാതെ തിരികെ ലഭിച്ച തുക ഒടുക്കുവരുത്തിയില്ല | 1-1-3 |
| 5 | രജിസ്റ്ററിലെ രേഖപ്പെടുത്തലും വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാവസാനം മാത്രമാണ് രേഖപ്പെടുത്തുന്നത് | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | പുതുക്കിയ നിരക്കിൽ കെട്ടിടനികുതി ക്രമീകരിച്ച് ഈടാക്കിയില്ല | 1-10 |
| 16 | വസ്തു നികുതി, റെഗുലറൈസേഷൻ ഫീ എന്നിവ നിർണ്ണയിച്ചതിലെ ന്യൂനതകൾ മൂലം വരുമാന നഷ്ടം | 1-11 |
| 17 | വസ്തു നികുതി നിർണ്ണയ വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-12 |
| 18 | മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ പൂർണ്ണമായ വിവരങ്ങൾ ലഭ്യമല്ല | 1-13 |
| 19 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല | 1-14 |
| 20 | മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കിയില്ല | 1-15 |
| 21 | മൂലധന നിക്ഷേപത്തിനനുസൃതമായി ലൈസൻസ് ഫീസീടാക്കിയില്ല | 1-16 |
| 22 | ഇലക്ഷൻ ഡെപ്പോസിറ്റ് മുതൽക്കൂട്ടിയില്ല | 1-17 |
| 23 | പൊളിച്ചു മാറ്റിയ കെട്ടിടാവശിഷ്ടങ്ങൾ ലേലം ചെയ്തില്ല | 1-18 |
| 24 | ഓഡിറ്റ് ഇംപാക്ട് -ഗ്രാവൽ ഫില്ലിംഗിന് കൺസോളിഡേഷൻ കുറവ് ചെയ്യാത്തത് മൂലം അധികം നൽകിയ 3,106/- രൂപ തിരികെ ഒടുക്കി | 1-19 |
| 25 | MGNREGS-ഓഡിറ്റ് ഇംപാക്ട്-എർത്ത് ഫില്ലിംഗ് കരാറുകാരന്റെ ബിൽ പ്രകാരമുള്ള അളവിനെക്കാൾ അധികം സ്റ്റാക്ക് രേഖപ്പെടുത്തി അധികം നൽകിയ തുക തിരികെ ഒടുക്കി | 1-20 |
| 26 | ഓഡിറ്റ് ഇംപാക്ട്-പ്രവൃത്തി പൂർത്തീകരണ വൈകിയതിന് നഷ്ടപരിഹാരം ഈടാക്കിയില്ല-1,475/-രൂപ തിരികെ ഒടുക്കി | 1-21 |
| 27 | ഓഡിറ്റ് ഇംപാക്ട്-സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -ആദായനികുതി 4,656/-രൂപ തിരികെ ഒടുക്കി | 1-22 |
| 28 | ഫണ്ട് വിനിയോഗത്തിലെ കുറവ് - വൻതുക ലാപ്സായി | 1-23 |
| 29 | കാർഷിക മേഖലയ്ക്കായി വകയിരുത്തിയ തുക ചെലവഴിച്ചില്ല | 1-24 |
| 30 | ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്- അപാകതകൾ. | 1-25 |
| 31 | വസ്തു നികുതി വിവരശേഖരണത്തിന് തുക അനുവദിച്ചു -സഞ്ചയ സോഫ്റ്റ്‌വെയറിൽ അപ്ഡേഷൻ ചെയ്തില്ല | 1-26 |
| 32 | പകൽ വീട് പ്രവർത്തനച്ചെലവ് – അപാകതകൾ. | 1-27 |
| 33 | പോസ്റ്റ് ഷിഫ്റ്റിംഗ് - എസ്റ്റിമേറ്റ് ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു | 1-28 |
| 34 | പേ വിഷ പ്രതിരോധ കുത്തിവെയ്പ് രേഖകൾ ഹാജരാക്കിയില്ല | 1-29 |

| | | |
|---|---|---|
| 35 | കരാർ വ്യവസ്ഥയിൽ നിയമിച്ച ഡോക്ടർക്ക് വേതനം നൽകൽ - ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്തില്ല | 1-30 |
| 36 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് - വിതരണം അപൂർണ്ണം | 1-31 |
| 37 | ഭിന്നശേഷി കലോത്സവം - കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കിയില്ല | 1-32 |
| 38 | മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പിവിസി വാട്ടർ ടാങ്ക് - ജി.എസ്.ടി. ബിൽ ഹാജരാക്കിയില്ല | 1-33 |
| 39 | ലൈഫ് പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല | 1-34 |
| 40 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ-പൂർത്തീകരണ രേഖകളില്ല | 1-35 |
| 41 | ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നത് സംബന്ധിച്ച് | 1-36 |
| 42 | എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം- ഹരിത കർമ്മ സേനയിലൂടെ - ലഘു അവലോകനം | 1-37 |
| **ഭാഗം 2** | | |
| 1 | വസ്തു നികുതി, റെഗുലറൈസേഷൻ ഫീ എന്നിവ നിർണ്ണയച്ചതിലെ ന്യൂനതകൾ മൂലം വരുമാന നഷ്ടം | 2-1 |
| 2 | മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കിയില്ല | 2-2 |
| 3 | മൂലധന നിക്ഷേപത്തിനനുസൃതമായി ലൈസൻസ് ഫീസീടാക്കിയില്ല | 2-3 |
| **ഭാഗം 3** | | |
| 1 | ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്- അനുവദനീയമായതിൽ കൂടുതൽ തുക നൽകി | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്രഗവൺമെന്റ്, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 31.05.2024 ലെ 1(1)-ാം നമ്പർ കമ്മറ്റി തീരുമാനപ്രകാരം തയ്യാറാക്കി 14.06.2024 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ട വയലാർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസിപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.2024 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനയിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടേയും വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഭാഗമായി എനിക്ക് ലഭിച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി വയലാർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെകുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 റേഷ്യോസ്, നോട്സ് ടു അക്കൌണ്ട്സ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ

എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

**1-1-2 ഗ്രാന്റിനത്തിൽ ലഭിച്ച തുക ശരിയായ ഹെഡ്ഡിൽ വരവ് വച്ചില്ല**

ധനകാര്യ കമ്മീഷൻ ബെയ്സിക് ഗ്രാന്റിനത്തിൽ ലഭിച്ച 15,44,500/- രൂപ 320200104 എന്ന ഹെഡ്ഡിൽ വരവ് വയ്ക്കുന്നതിനുപകരമായി 320200113 എന്ന ഹെഡ്ഡിലാണ്(CFC Tied) വാർഷികകണക്കിൽ ഉൾപ്പെടുത്തിയത്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നല്കിയതിനു മറുപടിയായി ഇത് ജേണൽ നം.42400483 പ്രകാരം ക്രമപ്പെടുത്തിയതായി അറിയിച്ചിട്ടുണ്ട്.

**1-1-3 ചെലവഴിക്കാതെ തിരികെ ലഭിച്ച തുക ഒടുക്കുവരുത്തിയില്ല**

മുൻവർഷങ്ങളിൽ ഗ്രാന്റിനത്തിൽ ചെലവഴിക്കാതെ തിരികെ ലഭിച്ച 63,015/- രൂപ ബന്ധപ്പെട്ട ഹെഡ്ഡിൽ തിരികെ ഒടുക്കാതെ B9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**1-1-4 രജിസ്റ്ററിലെ രേഖപ്പെടുത്തലും വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല**

ഡെപ്പോസിറ്റ് റിസീവ്ഡ്(RP33)യിൽ കോൺട്രാക്ടേഴ്സ് റിടെൻഷൻ എന്ന ഇനത്തിൽ തൻവർഷത്തെ വരവായി ഉൾപ്പെടുത്തിയ തുക 17,610/- രൂപയാണ്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ 36,698/- രൂപയാണ്.

**1-1-5 വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാവസാനം മാത്രമാണ് രേഖപ്പെടുത്തുന്നത്**

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല. വർഷാവസാനം മാത്രമാണ് ലെഡ്ജറിൽ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നത്.

**1-2 ബജറ്റ്**

02.03.2023 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 26,85,50,179 | 26,66,37,720 |
| വാർഷിക കണക്ക് പ്രകാരം | 17,16,52,245 | 17,79,21,494 |

09.02.2024 തീയതിയിലെ 2(1) തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവു ചെലവ് കണക്കുകൾ താഴെകൊടുക്കുന്നു.

| വരവ് | ചെലവ് |
|---|---|
| 25,88,68,500 | 26,97,07,720 |

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 2,83,69,395 |
| വരവ് | 5,28,20,314 |
| ആകെ | 8,11,89,709 |
| ചെലവ് | 5,04,98,211 |
| നീക്കിയിരിപ്പ് | 3,06,91,498 |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | വരവ് | | | | ചെലവ് | | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|---|
| | മുന്നിരിപ്പ് | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | ആകെ | ജി.ഒ. പ്രോജക്ട് | പ്രോജക്ട് | |
| വികസനഫണ്ട് പൊതുവിഭാഗം | 0 | 45,35,731 | 1,41,16,269 | 1,86,52,000 | 45,35,731 | 1,05,68,094 | 35,48,175 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7,05,045 | 50,28,955 | 57,34,000 | 7,05,045 | 38,67,302 | 11,61,653 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 1,15,000 | 1,15,000 | 0 | 1,14,550 | 450 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്- ബാങ്ക് | 63,00,136 | 0 | 23,16,500 | 86,16,636 | 0 | 36,92,205 | 49,24,431 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് | 98,144 | 0 | 32,95,372 | 33,93,516 | 0 | 17,62,817 | 16,30,699 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 0 | 62,84,000 | 62,84,000 | 0 | 0 | 62,84,000 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 0 | 45,04,600 | 45,04,600 | 0 | 43,26,806 | 1,77,794 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 207 | 13,61,14,642 | 109 | 3,65,50,379 | 8 | 90 | 52.65 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 432 | 11,86,541 | 11,86,973 | 11,86,439 | 534 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 7,19,33,561 | 7,19,33,561 | 7,19,33,561 | 0 |
| ആകെ | 432 | 7,31,20,102 | 7,31,20,534 | 7,31,20,000 | 534 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 12,34,600 | 103 |
| വിധവാപെൻഷൻ | 69,82,900 | 718 |
| വാർദ്ധക്യകാല പെൻഷൻ | 2,32,94,300 | 2740 |
| വികലാംഗ പെൻഷൻ | 30,80,500 | 287 |
| അവിവാഹിത പെൻഷൻ | 10,94,600 | 109 |
| വിധവകളുടെ പെൺമക്കളുടെ | 0 | 0 |

| | | | | |
|---|---|---|---|---|
| | വിവാഹ ധനസഹായം | | | |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.09.2024-ൽ 3 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9,249/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട ചുവടെ ചേർത്തിട്ടുള്ള പോരായ്മകൾ പരിഹരിച്ച് അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1)01.04.23 മുതൽ വസ്തുനികുതി പരിഷ്ക്കരണം നടപ്പിലാക്കിയെങ്കിലും പഞ്ചായത്ത് കമ്മിറ്റി ആയത് നടപ്പിലാക്കിയ തീയതി വരെയുള്ള കാലയളവിൽ നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കാത്തത് മൂലം ഈയിനത്തിൽ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്.

2) പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ ബില്ലിന്റെ വിശദാംശങ്ങൾ, വാറന്റി വിവരങ്ങൾ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തി കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

3) പദ്ധതി പൂർത്തീകരണം സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് ഭൂരിപക്ഷം ഫയലുകളിലും സൂക്ഷിക്കുന്നില്ല.

4) കാർഷിക പദ്ധതികളുടെ നിർവ്വഹണത്തിൽ ആവശ്യമായ മോണിട്ടറിംഗ് നടത്തപ്പെടുന്നില്ല. തൻവർഷം ആവിഷ്ക്കരിച്ച പ്രോജക്ടുകളിൽ തൻവർഷം ഒരെണ്ണം മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്.

## 1-10 പുതുക്കിയ നിരക്കിൽ കെട്ടിടനികുതി ക്രമീകരിച്ച് ഈടാക്കിയില്ല

കേരള സർക്കാർ തദ്ദേശസ്വയംഭരണ ആർ.സി.വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (അച്ചടി)നം.25/2023/ എൽ.എസ്.ജി.ഡി., തീയതി 05.04.2023(SRO No.479/23) പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് (കൈ)നം.77/2023/ എൽ.എസ്.ജി.ഡി., തീയതി 22.03.2023 പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിലെ വ്യവസ്ഥ 8 പ്രകാരം 2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് ബാധകമാക്കേണ്ട നികുതിനിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവ് പുതുക്കലും വിജ്ഞാപനം ചെയ്ത് അന്തിമമാക്കണം (അന്തിമവിജ്ഞാപനം നടത്തി പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി ഈടാക്കുവാൻ ആരംഭിച്ച തീയതിവരെയുള്ള വസ്തുനികുതി പുതുക്കി നിർണ്ണയിച്ച് വ്യത്യാസമുള്ള തുക ക്രമീകരിക്കുകയോ/ ഈടാക്കുകയോ ചെയ്യേണ്ടതാണ്).

ഗ്രാമപഞ്ചായത്തിൽ 09.08.2023-ലെ കമ്മിറ്റിയിൽ ഫയൽ നം.C3-2380/2023 തീരുമാനം നം.2 പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതിയിൽ എല്ലാ നിരക്കുകളും പുതുക്കി നിർണ്ണയിച്ച് അന്തിമവിജ്ഞാപനം ചെയ്ത് തീരുമാനിച്ചു. എന്നാൽ മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം 01.04.2023 മുതൽ അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചതുവരെയുള്ള കാലയളവിൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി തുക ക്രമീകരിച്ചിട്ടുള്ളതായോ ഈടാക്കിയിട്ടുള്ളതായോ കാണുന്നില്ല. എല്ലാ വാർഡുകളിലും ഇപ്രകാരം ക്രമീകരണം വരുത്തിയിട്ടില്ല. ചില വാർഡുകളിലെ ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം. | വിസ്തീർണ്ണം ($M^2$) | സഞ്ചയപ്രകാരം ഉപയോഗ ക്രമം | നിർണ്ണയിച്ച അടിസ്ഥാന നിരക്ക് | അംഗീകരിച്ച തീയതി | പുതുക്കിയ നിരക്ക് |
|---|---|---|---|---|---|---|
| 1 | 1/1B | 154.9 | വാണിജ്യാവശ്യ കെട്ടിടങ്ങളുടെ ഓഫീസ് കെട്ടിടം | 50 | 23.6.23 | 55 |
| 2 | 3/468D,F,G,H | 89.59 | 100ചതുരശ്രമീറ്ററിൽ താഴെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 50 | 10.8.23 | 55 |

| | | | | | | |
|---|---|---|---|---|---|---|
| 3 | 8/55A | 243.77 | പാർപ്പിടം | 6 | 27.4.23 | 8 |
| 4 | 12/204A | 219 | ,, | 6 | 17.5.23 | 8 |
| 5 | 12/333B | 280.6 | പാർപ്പിടം | 6 | 12.5.23 | 8 |
| 6 | 13/121A | 274.9 | ,, | 6 | 25.4.23 | 8 |
| 7 | 14/152A | 287.91 | | 6 | 12.5.23 | 8 |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(30/30.9.2024) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 01.04.2023 മുതൽ അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചതുവരെയുള്ള കാലയളവിൽ വസ്തുനികുതി നിർണ്ണയിച്ച എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി പുതുക്കി തുക ഈടാക്കിയവിവരം അറിയിക്കേണ്ടതാണ്.

**<u>1-11 വസ്തു നികുതി, റെഗുലറൈസേഷൻ ഫീ എന്നിവ നിർണ്ണയിച്ചതിലെ ന്യൂനതകൾ മൂലം വരുമാന നഷ്ടം</u>**

ദിവ്യകുമാർ ജയിനിന്റെ ഉടമസ്ഥതയിലുള്ള ജയ്ഹിന്ദ് സ്റ്റീൽ എന്ന സ്ഥാപനത്തിന്റെ നികുതി നിർണ്ണയ ഫയൽ പരിശോധിച്ചതിൽ താഴെകൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1) 16.9.2020 ൽ C3.2066/2020 നമ്പരായി കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയിരിക്കുന്നത് 3804.76$m^2$ നിർമ്മാണത്തിനാണ്. എന്നാൽ പണിപൂർത്തീകരിച്ച് നികുതി നിർണ്ണയിച്ചിരിക്കുന്നത് 4683.99$m^2$നാണ്. പെർമിറ്റിൽ അധികരിച്ച് നിർമിച്ചിട്ടുള്ള 879.23 M2 വിസ്തീർണ്ണം റഗുലറൈസ് ചെയ്ത് ഫീസ് ഈടാക്കിയതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. 2,11,015/- രൂപ റഗുലറൈസേഷൻ (879.23x240)ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

2) നികുതി നിർണ്ണയ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിടനമ്പർ/ വിസ്തീർണ്ണം | ഉപയോഗക്രമം | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| 1 | 1/1B-154.9$m^2$ | ഓഫീസ് കെട്ടിടം | @50<br>7745<br>മേൽക്കൂര ഇളവ് 10%=774.5<br>വഴിസൌകര്യം വർദ്ധനവ്-20% =1549<br>ആകെവസ്തു നികുതി=8520/- | @55<br>8520<br>മേൽക്കൂര ഇളവ് 10%-852<br>വഴിസൌകര്യം വർദ്ധനവ്-20% =1704<br>ആകെവസ്തു നികുതി-9372 | 852 |
| 2 | 1/1A-4529.09$m^2$ | ഗോഡൌൺ | @80<br>362327.2<br>മേൽക്കൂര ഇളവ് 10%-36232.72<br>ആകെ വസ്തു നികുതി =326094/- | @80<br>362327.2<br>മേൽക്കൂര ഇളവ് 10% =36232.72<br>വഴിസൌകര്യം വർദ്ധനവ്-20% =72465<br>ആകെ വസ്തു നികുതി =398559/- | 72465/- |
| ആകെ | 4683.99$m^2$ | | | | 73317/- |

മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾ ഒരേ കോംപൌണ്ടിൽ സ്ഥിതി ചെയ്യുന്നതും കെട്ടിടത്തിലേക്ക് 5 മീറ്ററിലധികമുള്ള PWD റോഡിൽ നിന്നും വഴി സൌകര്യമുള്ളതുമാണ്. എന്നാൽ ക്രമ നം. (2) ലെ കെട്ടിടത്തിന് വഴിസൌകര്യത്തിനുള്ള 20% വർദ്ധനവ് നല്കാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ക്രമ നം. 1)ലെ കെട്ടിടം 23.6.23-ൽ നികുതി നിർണ്ണയിച്ചതിനാൽ പുതുക്കിയ നികുതി നിരക്ക് പ്രകാരം ബാധകമായ 55/-രൂപ നിരക്കിലേക്ക് ക്രമീകരിച്ചിട്ടില്ല.

3) മേൽ സൂചിപ്പിച്ചിട്ടുള്ള വിസ്തീർണ്ണം കൂടാതെ താഴെ കൊടുത്തിരിക്കുന്ന നിർമ്മിതികൾ കൂടി ഇതോടൊപ്പം പ്ളാനിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവയ്ക്ക് നികുതി നിർണ്ണയിച്ചതായി കാണുന്നില്ല

1) കംപ്ലീറ്റഡ് ടോയ്‌ലറ്റ് ബ്ലോക്ക് -40.5$m^2$

2) കംപ്ലീറ്റഡ് ഇലക്ടിക്കൽ റൂം-18.36$m^2$

3) കംപ്ലീറ്റഡ് വെയ്ബ്രിഡ്ജ് ഓഫീസ് -6 $M^2$

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (35/30.9.2024) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ കെട്ടിടഭാഗങ്ങളുടെ നികുതി നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്. കുറവായി ഈടാക്കിയ നികുതി പുനർനിർണ്ണയിച്ച് കെട്ടിട ഉടമയിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതും അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതുമാണ്.

## 1-12 വസ്തു നികുതി നിർണ്ണയ വിവരങ്ങൾ ലഭ്യമാക്കിയില്ല

1) പഞ്ചായത്ത് ഓഫീസിന് സമീപത്തായി ശുഭം ഓഡിറ്റോറിയം എന്ന പേരിൽ ഒരു എ.സി ഓഡിറ്റോറിയം സ്ഥിതിചെയ്യുന്നതായും ഇതിന്റെ മുകൾഭാഗം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന രീതിയിൽ ഷീറ്റ് മേഞ്ഞ് മറച്ചിരിക്കുന്നതായും കാണുന്നു. സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഓഡിറ്റോറിയം എന്ന ഗണത്തിൽ ഈ കെട്ടിടവും ഇതിന്റെ മുകൾഭാഗവും അസസ്ചെയ്തതായി കാണുന്നില്ല. ടി കെട്ടിടത്തിന് അടിസ്ഥാനനികുതിയിൽ എയർ കണ്ടീഷനിംഗ് സംവിധാനത്തിനുള്ള 15% വർദ്ധനവ് നല്കിയാണോ നികുതി നിർണ്ണയിച്ചിട്ടുള്ളതെന്നും വ്യക്തമല്ല. പ്രസ്തുത കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയില്ല.
2) പഞ്ചായത്ത് ഓഫീസിന് സമീപമുള്ള നാഗംകുളങ്ങര ക്ഷേത്രത്തോടനുബന്ധിച്ച് ഊട്ടുപുര, ദേവസ്വം സത്രം എന്നിവ സ്ഥിതി ചെയ്യുന്നു. ഇവയുടെ നികുതി നിർണ്ണയരേഖകളും രേഖാമൂലം ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
ക്രമ നം.1, 2 എന്നീ കെട്ടിടങ്ങളുടെ നികുതി നിർണ്ണയ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (42/01.10.2024) നല്കിയെങ്കിലും മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല. പ്രസ്തുത കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിട്ടില്ലെങ്കിൽ ആയതിലേക്കാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതും നികുതി നിർണ്ണയരേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 1-13 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ പൂർണ്ണമായ വിവരങ്ങൾ ലഭ്യമല്ല

ഗ്രാമ പഞ്ചായത്തിന്റെ സഞ്ചയ റവന്യു-മൊഡ്യൂൾ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം രണ്ട് മൊബൈൽ ടവറുകൾക്ക് മാത്രമാണ്( 7/440A, 11/425A ) വസ്തുനികുതി പരിഷ്കരിച്ച് അംഗീകരിച്ചിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങൾക്ക് മുകളിൽ സ്ഥാപിക്കപ്പെട്ട ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ (ടവർ സ്ഥാപിച്ചിട്ടുള്ള ആൾ ഉപയോഗപ്പെടുത്തുന്ന വിസ്തീർണ്ണം, കെട്ടിട ഉടമയുടെ വിലാസം, കമ്പനിയുടെ പേര്), സ്വകാര്യ വസ്തുവിൽ സ്ഥാപിക്കപ്പെട്ട ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ (വാടക ലഭിക്കുന്ന ഉടമയുടെ പേര്, ഉപയോഗപ്പെടുത്തുന്ന വിസ്തീർണ്ണം) എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കുവാനും, 18.10.23ൽ 5432/23 നമ്പരായി ഇൻഡസ് ടവറിന്റെ (പെർമിറ്റ് അപേക്ഷ ലഭിച്ചത് പ്രകാരം 25.10.2023-ൽ പെർമിറ്റ് നല്കിയിട്ടുണ്ട്) നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുവാനുമാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (5/25.9.2024) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19.10.2014 ൽ പുറപ്പെടുവിച്ച സർക്കുലർ നം-40395/RC2/2014/LSGD (വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ) പ്രകാരം പഞ്ചായത്ത് സ്പെഷ്യൽ ഡ്രൈവ് നടത്തി അനധികൃത മൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ഈടാക്കുന്നത് തനതു വരുമാനം കുറവായ പഞ്ചായത്തിന് വരുമാന വർദ്ധനവിന് സഹായകരമാണ്. ഈ വിഷയത്തിലേക്ക് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നതോടൊപ്പം പഞ്ചായത്തിലെ എല്ലാ അനധികൃത മൊബൈൽ ടവറുകൾക്കും നികുതി നിർണ്ണയിക്കുന്നതിലേക്കാവശ്യമായ സത്വര തുടർനടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,205,1996-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്തിലെ 2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ/വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

I) <u>സ്ഥാപന നികുതി ഈടാക്കിയിട്ടില്ല</u>

A) യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ-1-ാം അർദ്ധവർഷം

B) മാവേലി സ്റ്റോർ- 1, 2 അർദ്ധവർഷങ്ങൾ

II) പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാരുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1) എജിപി സിറ്റിഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ്(10/211A)- 17 ജീവനക്കാർ

2) ഇൻഡസ് കൺസ്യൂമർ പ്രോഡക്ട്സ് ലിമിറ്റഡ് (14/91)-10ജീവനക്കാർ

3) ശ്രീനിവാസ് ഫ്യൂവൽസ് (10/560G,F)- 8 ജീവനക്കാർ

III) താഴെ കൊടുത്തിരിക്കുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും നികുതി ഈടാക്കിയിട്ടില്ല

1) ഉഴുവ ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 218 ഡി

2) വയലാർ ഈസ്റ്റ് ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 172 ഡി

3) ഒളതല സെൻട്രൽ ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 292ഡി

4) കാമധേനു ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 288ഡി

IV) എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ ഒന്നിലധികം മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്തു നടത്തിയിട്ടുള്ള താഴെചേർക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) അരവിന്ദ് എൻ.എ.

2) അനിൽകുമാർ എൻ.എൻ.

3) അമൽദേവി ടി.ആർ.

4) അഭിലാഷ് പുരുഷോത്തമൻ

5) മുബാറക്

6) ഭാർഗവൻ

7) ഉണ്ണികൃഷ്ണൻ

8) ബഷീർ

9) ടി.ജെ.ജോബ്

10) ഹരീഷ്

11) അക്ഷയ് ലാൽ

തൊഴിൽ നികുതി ഈടാക്കാതിരുന്നതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (8/25.9.2024) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

**<u>1-15 മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കിയില്ല</u>**

2023-24 വർഷത്തേക്കുള്ള ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുള്ള യന്ത്രശക്തിക്ക് ആനുപാതികമായി മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കിയിട്ടില്ല.

| ക്രമ നം. | ഉടമയുടെ പേര് / വാർഡ്/വീട്ട്നമ്പർ | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന കുതിരശക്തി | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 1 | അജിത് വി. നാഗേന്ദ്രൻ(10/211A) | എ.ജി.പി സിറ്റി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് | 199HP | 2000 | 2000 |
| 2 | ലത എൻ.കിളികാർ (10/560G,F) | ശ്രീനിവാസ് ഫ്യൂവൽസ് | 10HP | 100 | 100 |
| 3 | അരുൺ പ്രസാദ് 12/256,257,258 | വിൽട്ൺ വീവേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | 525 Kw =704HP | 7040 | 7040 |
| 4 | മായ, കിഷോർ (15/227F) | ജിയോനെറ്റ് എൻവിറോ സൊല്യൂഷൻസ്, പ്രൈവറ്റ് ലിമിറ്റഡ്) കയർ, കയറിതര ഉത്പ്പന്നങ്ങളുടെ നിർമ്മാണം | രേഖപ്പെടുത്തി യിട്ടില്ല | - | - |
| 5 | കെ.ആർ.ദാസപ്പൻ, സസ്യഭവനം 15/31 | പൊടിമില്ല് | 10HP | 100 | 100 |
| 6 | പ്രദീപ് കുമാർ പി.ജി. 3/518 | ഫർണ്ണിച്ചർ നിർമ്മാണം | 10HP | 100 | 100 |
| 7 | സരോജിനി നിവർത്തിൽ 11/491 | തടിമില്ല് | 32HP | 400 | 400 |
| 8 | ആശ തുഷാർ, 8/467A | ശബരി കയർ വർക്സ് | 15HP | 200 | 200 |
| 9 | ചിത്രകുമാരി 9/1A | പൊടിമില്ല് | 10HP | 100 | 100 |
| 10 | സജി കെ.കെ., കാർത്തിക 14/438 | തടിമില്ല് | 32HP | 400 | 400 |
| 11 | സാബു പി.ജി., പരപ്പേൽ നിവർത്ത് 7/248 | പൊടിമില്ല് | 10HP | 100 | 100 |
| 12 | അഹമ്മദ് ഷാഫി പുത്തേഴത്ത് 3/440 | പൊടിമില്ല് | 10HP | 100 | 100 |
| ആകെ | | | | | 10640 |

മേൽ അപേക്ഷകരിൽ നിന്നും ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിക്കനുസരിച്ച് ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരം മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം അറിയിക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (10/26.9.2024) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള ഫീസ് ഈടാക്കി മാത്രം ലൈസൻസ് അനുവദിക്കേണ്ടതും, മോട്ടർ റണ്ണിംഗ് ഫീസ് ഈടാക്കി അറിയിക്കേണ്ടതുമാണ്.

**1-16 മൂലധന നിക്ഷേപത്തിനനുസൃതമായി ലൈസൻസ് ഫീസീടാക്കിയില്ല**

1996 ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുൽ ചട്ടങ്ങളിലെ, 7-ാം ചട്ടത്തിലെ പട്ടിക II പ്രകാരം വ്യാപാര/ വ്യവസായ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന്റെ വാർഷിക ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത്.

താഴെ സൂചിപ്പിക്കുന്ന സ്ഥാപനത്തിന്റെ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 13.3.2023-ലെ KPCB/AL/ICO-19137/23 നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം മൂലധന നിക്ഷേപം 1253.58 ലക്ഷം (12.53 കോടി) രൂപയാണ്. ടി മൂലധന നിക്ഷേപത്തിന് അനുസൃതമായി കേരളാ പഞ്ചായത്തി രാജ്

232 വകുപ്പിന്റെ 31-10-2017 ലെ ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പട്ടികII പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര്/ സ്ഥാപനം | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാക്കേണ്ട ലൈസൻസ് ഫീസ് | കുറവ് |
|---|---|---|---|---|
| 1 | മഹേന്ദ്രകുമാർ ജയിൻ, ജയ്ഹിന്ദ് സ്റ്റീൽ (1/1A) | 10,000/- 1230101055/14.9.2023 | 15,000 | 5,000 |

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (41/01.10.2024) നല്കിയതിന് മറുപടിയായി സർട്ടിഫിക്കറ്റ് പ്രകാരമുള്ള മൂലധന നിക്ഷേപത്തിനനുസൃതമായി ഫീസീടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള ഫീസ് ഈടാക്കി മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്. കുറവ് വന്ന ലൈസൻസ് ഫീസീടാക്കി അറിയിക്കേണ്ടതാണ്.

**1-17 ഇലക്ഷൻ ഡെപ്പോസിറ്റ് മുതൽക്കൂട്ടിയില്ല**

ഗ്രാമപഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി 2,66,913/-രൂപ ബാദ്ധ്യത ഉണ്ട്. ഇലക്ഷൻ ഡിപ്പോസിറ്റ് ഇനത്തിൽ കാണിച്ചിട്ടുള്ള 48,000/- രൂപ 54 സ്ഥാനാർത്ഥികളിൽനിന്നായി 2020 നവംബർ മാസത്തിൽ ലഭിച്ചതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 144(4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ 1/6 എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്. വരണാധികാരിയിൽ നിന്നും ലഭിക്കുന്ന തെരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ തിരികെ നൽകേണ്ടാത്ത ഇലക്ഷൻ നിക്ഷേപവും തനത് ഫണ്ടിലേക്ക് മുതൽകൂട്ടാവുന്നതാണ്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 പ്രകാരം 3 വർഷം കഴിഞ്ഞതും കാലഹരണപ്പെട്ടതുമായ ഡിപ്പോസിറ്റുകൾ തനത് ഫണ്ടിൽ മുതൽകൂട്ടാവുന്നതാണ്. ഇപ്രകാരം കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(29/27.9.2024) നല്കിയതിന് മറുപടിയായി ഡെപ്പോസിറ്റ് മുതൽക്കൂട്ടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതു പ്രകാരം കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടി അറിയിക്കേണ്ടതാണ്.

**1-18 പൊളിച്ചു മാറ്റിയ കെട്ടിടാവശിഷ്ടങ്ങൾ ലേലം ചെയ്തില്ല**

ഗ്രാമപഞ്ചായത്തിൽ 2023-24 വർഷം അസിസ്റ്റന്റ് എൻജിനീയർ നടപ്പിലാക്കിയിട്ടുള്ള 5 -ാം വാർഡിൽ FHC അറ്റകുറ്റപ്പണി എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി പഴയ മതിൽ പൊളിച്ചു നീക്കിയതിലൂടെ ലഭിച്ച ഇഷ്ടികയും, കമ്പിയുമെല്ലാം ലേലം ചെയ്ത് നൽകുന്നതിനായി അസിസ്റ്റന്റ് എൻജിനീയർ 8,211/- രൂപ മൂല്യം നിർണ്ണയിച്ചു ഫയൽ ILGMS മുഖേന സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. പൊളിച്ചു മാറ്റിയ നിർമ്മാണ സാമഗ്രികൾ ലേലം ചെയ്ത് മുതൽക്കൂട്ടിയിട്ടുണ്ടോ, ഉണ്ടെങ്കിൽ എത്ര രൂപ ലഭിച്ചു, നാളിതുവരെ ലേലം ചെയ്ത് മുതൽക്കൂട്ടിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം തുടങ്ങിയവയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (18/26.09.24)ലഭ്യമാക്കിയ മറുപടിയിൽ തൽസ്ഥിതി അറിയിക്കുന്നതിനായി സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, മറുപടി ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ മറുപടി ലഭ്യമാക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. പഴയ മതിൽ പൊളിച്ചു നീക്കിയതിലൂടെ ലഭിച്ച ഇഷ്ടികയും, കമ്പിയുമെല്ലാം ലേലം ചെയ്ത് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്. യഥാസമയം നടപടി സ്വീകരിക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായാൽ ആയത് സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

<u>അനുബന്ധ വിവരങ്ങൾ-</u>

പ്രോജക്ട് നമ്പർ - S-0173/24

കരാറുകാരൻ -അമൽദേവ് T.R.

**1-19 ഓഡിറ്റ് ഇംപാക്ട് -ഗ്രാവൽ ഫില്ലിംഗിന് കൺസോളിഡേഷൻ കുറവ് ചെയ്യാത്തത് മൂലം അധികം നൽകിയ 3,106/- രൂപ തിരികെ ഒടുക്കി**

പഞ്ചായത്തിൽ തൻ വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ കോർപ്പറേഷൻ ബാങ്ക്-ചാത്തൻചിറ റോഡ് ടാറിംഗ്-W-3, പ്രോജക്ട് നം.S0164/24,NH-കൈതവളവ് റോഡ് റീ-ടാറിംഗ്-W-13, പ്രോജക്ട് നം. S0203/24 എന്നീ റോഡ് പ്രവൃത്തികളിൽ ടേപ്പ് മെഷർമെന്റ് എടുത്ത് അളവ് രേഖപ്പെടുത്തിയിട്ടുള്ള ഗ്രാവൽ ഉപയോഗിച്ചുള്ള ഫില്ലിംഗ് പ്രവൃത്തികളിൽ ആകെ അളവിൽ നിന്നും നിയമാനുസൃതമുള്ള കൺസോളിഡേഷൻ കുറവ് ചെയ്തിട്ടില്ല. ആകെ അളവിൽ നിന്നും തദാനുസൃതമായ കുറവ് വരുത്താതെ മൂല്യം നിർണ്ണയിച്ച് നൽകിയത് മൂലം അധികം ചെലവുണ്ടായതിന്റെ വിശദ വിവരം ഓഡിറ്റ് എൻക്വയറി-15/26.09.24 ലൂടെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ, കോർപ്പറേഷൻ ബാങ്ക്-ചാത്തൻചിറ റോഡ് ടാറിംഗ്-W-3 എന്ന പ്രവൃത്തിക്ക് അധികം നൽകിയ 2,105/- രൂപ 30.09.24 ലെ 1240101185-ാം നമ്പർ രസീത് പ്രകാരവും, NH-കൈതവളവ് റോഡ് റീ-ടാറിംഗ്-W-13 എന്ന പ്രവൃത്തിക്ക് അധികം നൽകിയ 1,001/- രൂപ 30.09.24 ലെ 1240101186-ാം നമ്പർ രസീത് പ്രകാരവും പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.

**1-20 MGNREGS-ഓഡിറ്റ് ഇംപാക്ട്-എർത്ത് ഫില്ലിംഗ് കരാറുകാരന്റെ ബിൽ പ്രകാരമുള്ള അളവിനെക്കാൾ അധികം സ്റ്റാക്ക് രേഖപ്പെടുത്തി അധികം നൽകിയ തുക തിരികെ ഒടുക്കി**

തൊഴിലുറപ്പ് പദ്ധതിയിൽ 23-24 വർഷം നടപ്പിലാക്കിയ 10-ാം വാർഡിൽ കുട്ടത്തിവീട് -ചക്കനാട്ട് ടൈൽ റോഡ് നിർമ്മാണം (RC/352281)എന്ന പ്രവൃത്തിക്ക് ഗ്രാവൽ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ മെറ്റീരിയൽ സപ്ലൈ ചെയ്തതിന് ഹാജരാക്കിയ ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ള അളവിനെക്കാൾ അധികം അളവിൽ ഗ്രാവൽ സപ്ലൈ ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി, അതിൽ നിന്നും കൺസോളിഡേഷൻ കുറവ് ചെയ്തതിന് ശേഷമുള്ള അളവിന് തുക നൽകിയത് മൂലം അധിക ചെലവുണ്ടായി. അപാകത ഓഡിറ്റ് അന്വേഷണം നം.28/27.09.24 പ്രകാരം ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അധികം നൽകിയ 2,190/- രൂപ 01.10.24 ലെ 1240101199-നമ്പർ രസീത് പ്രകാരം തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി രസീത് ഹാജരാക്കിയിട്ടുണ്ട്. തുക NREGS അക്കൌണ്ടിൽ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

**1-21 ഓഡിറ്റ് ഇംപാക്ട്-പ്രവൃത്തി പൂർത്തീകരണ വൈകിയതിന് നഷ്ടപരിഹാരം ഈടാക്കിയില്ല-1,475/-രൂപ തിരികെ ഒടുക്കി**

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 വർഷം നടപ്പിലാക്കിയിട്ടുള്ള 7-ാം വാർഡിൽ 182-ാം നമ്പർ അങ്കണവാടി അറ്റകുറ്റപ്പണികൾ എന്ന പ്രവൃത്തി കരാർ പ്രകാരമുള്ള കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിരുന്നില്ല. 2012-ലെ പി.ഡബ്ല്യൂ.ഡി മാനുവലിലെ സെക്ഷൻ 2116 .1 പ്രകാരം പൂർത്തീകരണ കാലതാമസത്തിന് ഓരോ ആഴ്ചയ്ക്കും PAC യുടെ 0.1% നിരക്കിൽ (പരമാവധി 10%) നഷ്ടപരിഹാരം / ലിക്വിഡേറ്റഡ് ഡാമേജ് ആയി ഈടാക്കേണ്ടതാണ്. എന്നാൽ ഈ പ്രവൃത്തിയിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശുപാർശ, കമ്മിറ്റി തീരുമാനം ഇവയൊന്നും ഇല്ലാതെ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ട്. മാത്രമല്ല. ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയതിലും കുറവുണ്ടായിട്ടുണ്ട്. ലിക്വിഡേറ്റഡ് ഡാമേജ് ആയി 3,906/- രൂപ ഈടാക്കുന്നതിന് പകരം 2,430/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. അപാകത 27.09.24 ലെ 19-ാം നമ്പർ എൻക്വയറിയിലൂടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് 1,475/- രൂപ 01.10.24 ലെ 1240101195-ാം നമ്പർ രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ തിരികെ ഒടുക്കി.

**1-22 ഓഡിറ്റ് ഇംപാക്ട്-സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -ആദായനികുതി 4,656/-രൂപ തിരികെ ഒടുക്കി**

ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള രേഖകൾ പ്രകാരം 2023-24 വർഷം തൊഴിലുറപ്പു പദ്ധതിയിൽ ചെയ്ത പ്രവൃത്തികളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്, പ്രവർത്തി സ്ഥലങ്ങളിൽ സ്ഥാപിച്ചു നൽകിയിരിക്കുന്നത് കർഷക മഠം, ജെഎൽജി ഗ്രൂപ്പ്, വയലാർ എന്ന കുടുംബശ്രീ ഗ്രൂപ്പാണ്. ബോർഡ് 1 ന് 2,850/-രൂപ നിരക്കിൽ 80 എണ്ണവും, 1 ന് 4,800/-രൂപ നിരക്കിൽ 1 എണ്ണവും സ്ഥാപിച്ചതിന് 2,32,800/- രൂപ നൽകിയിട്ടുണ്ട്.

1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്കു മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. ഇതനുസരിച്ച് മേൽ വ്യക്തികൾ / കുടുംബശ്രീ യൂണിറ്റിൽ നിന്നും ആദായനികുതി

ഈടാക്കിയിരുന്നില്ല. ഓഡിറ്റ് എൻക്വയറി നം.01/23.09.24 ലൂടെ ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 4,656/- രൂപ 25.09.24 ലെ 1240101145-ാം നമ്പർ രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. തുക കേന്ദ്ര സർക്കാരിലേക്ക് ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

**1-23 ഫണ്ട് വിനിയോഗത്തിലെ കുറവ് - വൻതുക ലാപ്സായി**

ഗ്രാമ പഞ്ചായത്തിന്റെ സുലേഖയിൽ നിന്നുള്ള ചെലവ് പത്രിക പ്രകാരം 2023-24 വർഷം വിവിധ ഫണ്ടുകളിൽ നിന്നും വിവിധ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടെയും അവയിൽ നിന്നുള്ള ചെലവിന്റെയും, വിനിയോഗിക്കപ്പെടാതെ നഷ്ടപ്പെട്ട തുകയുടെയും അടുത്ത വർഷത്തേക്ക് സ്പിൽ ഓവറായി തീർന്ന തുകയുടെയും വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ടിനം | ആകെ അടങ്കൽ | ലഭിച്ച തുക | ആകെ ചെലവഴിച്ച തുക | ചെലവ് ശതമാനം (ലഭിച്ച തുകയുടെ അടിസ്ഥാനത്തിൽ) | വിനിയോഗിക്കപ്പെടാതെ നഷ്ടമായ തുക | വിനിയോഗിക്കപ്പെടാതെ നഷ്ടമായതിന്റെ % |
|---|---|---|---|---|---|---|---|
| 1. | വികസന ഫണ്ട് (പൊതു വിഭാഗം) | 2,14,85,300 | 1,41,16,170 | 1,05,68,094 | 74.86 | 35,48,076 | 25.14 |
| 2. | വികസന ഫണ്ട് (എസ്.സി.പി.) | 62,04,659 | 50,28,855 | 38,67,302 | 76.90 | 11,61,553 | 23.10 |
| 3. | വികസന ഫണ്ട് (ടി.എസ്.പി.) | 1,15,000 | 1,14,900 | 1,14,550 | 99.69 | 350 | 0.31 |
| 4. | ധനകാര്യ കമ്മീഷൻ അവാർഡ്. | 1,43,53,655 | 54,05,500 | 54,55,022 | 100.91 (മുന്നിരുപ്പ് ഉൾപ്പെടെ) | * | ** |
| 5. | കേന്ദ്രാവിഷ്കൃത ഫണ്ട്. (SBM) | 35,19,400 | 22,13,900 | 23,55,188 | 106.38 (മുന്നിരുപ്പ് ഉൾപ്പെടെ) | 0 | 0 |
| 6. | മെയിന്റനൻസ് ഗ്രാന്റ് (R) | 89,76,000 | 62,84,000 | 0 | 0 | 62,84,000 | 100 |
| 6. | മെയിന്റനൻസ് ഗ്രാന്റ് (NR) | 81,69,000 | 45,04,600 | 43,26,806 | 96.05 | 1,77,794 | 3.95 |

*ധനകാര്യ കമ്മീഷൻ അവാർഡ് (Untied) ഇനത്തിൽ 30,89,000/- രൂപ ലഭിച്ചതിൽ 17,62,817/- രൂപ മാത്രമാണ് ചെലവായിട്ടുള്ളത്. 13,26,183/- രൂപ തൻവർഷം ചെലവഴിച്ചിട്ടില്ല.
**ധനകാര്യ കമ്മീഷൻ അവാർഡ് (Tied)ഇനത്തിൽ 23,16,500/- രൂപയാണ് ലഭിച്ചതെങ്കിലും 36,92,205/- രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. തന്മൂലമാണ് ആകെ ചെലവ് 100% ൽ അധികരിച്ചിട്ടുള്ളത്.

മേൽ വിവരങ്ങൾ പരിശോധിച്ചാൽ മെയിന്റനൻസ് ഗ്രാന്റ് റോഡിൽ നിന്നും തൻവർഷം ഒരു രൂപ പോലും ചെലവഴിച്ചിട്ടില്ലായെന്ന് കാണാം. വികസന ഫണ്ടിലും 25% തുകയോളം ചെലവഴിക്കപ്പെട്ടില്ല.

തദ്ദേശ സ്ഥാപനാതിർത്തിയിലുള്ള ജനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിക്കപ്പെട്ട തുകയുടെ ചെലവിൽ ഇപ്രകാരം കുറവുണ്ടായത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (36/01.10.24) ലഭ്യമാക്കിയ മറുപടിയിൽ വികസന ഫണ്ട് മൂന്നാം ഗഡു സമയബന്ധിതമായി ലഭിക്കാത്തതിനാലും ട്രഷറി നിയന്ത്രണം മൂലം 29,30,000/- രൂപയുടെ ബില്ലുകൾ ക്യു ബില്ലുകൾ ആയതിനാലുമാണ് വികസന ഫണ്ട് ചെലവിൽ കുറവ് വന്നതെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തൊട്ടു മുൻ വർഷം ലഭിച്ച തുകയെ അപേക്ഷിച്ച് ക്രമാതീതമായ വർദ്ധനവ് മെയിന്റനൻസ് ഗ്രാന്റിന്റെ അലോട്ട്മെന്റിൽ ഉണ്ടായത് മൂലം റോഡ് വിഹിതം പുനപരിശോധിക്കുന്നതായും, അന്തിമ അറിയിപ്പ് ലഭിക്കുന്നത് വരെ റോഡ് പദ്ധതികളുടെ തുടർ നടപടികൾ താൽക്കാലികമായി തടഞ്ഞ് സി.ഇ, എൽ.എസ്.ജി.ഡി., പഞ്ചായത്തിലെ എൽ.എസ്.ജി.ഡി. വിഭാഗത്തിന് കത്ത് നൽകിയിരുന്നതായും, തുടർന്ന് എസ്റ്റിമേറ്റ്, ടിഎസ്സ്, എന്നിവ വൈകുകയും, ടെണ്ടർ നടപടികൾ ഉൾപ്പെടെയുള്ളവ വൈകുകയും ചെയ്യുകയും, കരാറുകാർ, കരാർതുക സമയബന്ധിതമായി കരാർ തുക ലഭിക്കാത്തതിനാൽ കരാർ ഏറ്റെടുക്കാൻ തയ്യാറാകാതിരുന്നതുമാണ് മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗത്തിൽ

ഇത്തരത്തിൽ കുറവ് വന്നതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതികൾ യഥാസമയം ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിൽ വന്ന വീഴ്ചമൂലം ജനോപകാരപ്രദമായ പദ്ധതികൾക്കായി വിനിയോഗിക്കുവാൻ കഴിയുമായിരുന്ന 62.84 ലക്ഷം രൂപയാണ് പഞ്ചായത്തിന് നഷ്ടമായത്.
ജനങ്ങളുടെ സമഗ്രമായ ഉന്നമനം ലക്ഷ്യമിട്ട് ആവിഷ്ക്കരിക്കുന്ന പദ്ധതികൾക്കായി അനുവദിക്കപ്പെടുന്ന തുക തൻവർഷം തന്നെ പൂർണ്ണമായും വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-24 കാർഷിക മേഖലയ്ക്കായി വകയിരുത്തിയ തുക ചെലവഴിച്ചില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 വർഷം ആസൂത്രണം ചെയ്ത് ഡി.പിസി അംഗീകാരം വാങ്ങിയ താഴെപറയുന്ന പദ്ധതികൾക്കായി വികസന ഫണ്ടിൽ നിന്നും 10,61,050/- വകയിരുത്തിയിരുന്നെങ്കിലും തൻവർഷം 1,14,000/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (ചെലവ് - 10.7%). വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് / നം. | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|---|
| 01 | പച്ചക്കറി കൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി (പ്രോജക്ട് നം. So069/24) | 51,000/- | - |
| 02 | കേര വികസന പദ്ധതി (പ്രോജക്ട് നം. So070/24) | 6,28,650/- | - |
| 03 | കൃഷി കൂട്ടങ്ങൾക്ക് മാതൃകാ സമഗ്ര കൃഷിത്തോട്ടം (പ്രോജക്ട് നം. So067/24) | 81,400/- | - |
| 04 | മട്ടുപ്പാവിലെ അടുക്കളത്തോട്ടം - പച്ചക്കറി കൃഷിയ്ക്ക് മൺചട്ടി (പ്രോജക്ട് നം. So065/24) | 3,00,000/- | 1,14,000/- |
| | ആകെ | 10,61,050/- | 1,14,000/- |

മേൽ പ്രോജക്ടുകൾ പ്രകാരമുള്ള ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടുള്ളതാണെന്നും ട്രഷറി നിയന്ത്രണം മൂലമാണ് സാമ്പത്തിക ലക്ഷ്യം കൈവരിക്കുവാൻ കഴിയാതെ വന്നതെന്നുമാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 21/27.9.24) കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയത്. സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ മാത്രമാണ് ട്രഷറി നിയന്ത്രണം ഉണ്ടായിരുന്നതെന്നതിനാലും ഗ്രാമപഞ്ചായത്തിന് വികസന ഫണ്ട് പൊതുവിഭാഗത്തിൽ ലഭിച്ച 1,86,52,000/- രൂപയിൽ 1,51,03,825/- രൂപയും (സോഴ്സിൽ കുറവ് ചെയ്തതുൾപ്പെടെ) ചെലവഴിച്ചിട്ടുള്ളതിനാലും (ചെലവ് -81%) പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും കൃത്യമായ സമയക്രമം പാലിക്കാതിരുന്നതുകൊണ്ടാണ് കാർഷിക മേഖലയ്ക്കായി വകയിരുത്തിയ ഫണ്ട് തൻവർഷം ചെലവഴിക്കുവാൻ കഴിയാതെ പാഴായി പോയത്. പദ്ധതി നിർവ്വഹം കാര്യക്ഷമമായി നടപ്പാക്കി ഫണ്ട് പാഴാകുന്നത് ഒഴിവാക്കുന്നതിനാവശ്യമായ കർശന നിർദ്ദേശം ബന്ധപ്പെട്ട ജീവനക്കാർക്ക് നൽകേണ്ടതാണ്.

## 1-25 ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്- അപാകതകൾ.

പ്രോജക്ടിന്റെ പേര്, നം - ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്.

പ്രോജക്ട് നം - S0022 /24

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ
അടങ്കൽ തുക – 12,18,000/-
ചെലവ് തുക – 992700/-

മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) <u>അനുവദനീയമായതിൽ കൂടുതൽ തുക നൽകി</u>

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ഒരു വർഷം സ്കോളർഷിപ്പ് ഇനത്തിൽ പരമാവധി 28500/- രൂപയാണ് നൽകാവുന്നത്. എന്നാൽ താഴെപറയുന്ന കുട്ടികൾക്ക് അർഹമായതിലും കൂടുതൽ തുക വിതരണം ചെയ്തതായി കാണുന്നു.

| ക്രമ നം. | കുട്ടിയുടെ പേര് | നൽകിയ തുക | അർഹമായ തുക | അധികം നൽകിയത് |
|---|---|---|---|---|
| 01 | അതുൽ വർഗ്ഗീസ് | 29,500 | 28,500 | 1,000 |
| 02 | അഞ്ജലി സുനിൽ | 30,500 | 28,500 | 2,000 |
| | ആകെ | | | 3,000 |

2) <u>അർഹമായ തുക വിതരണം ചെയ്തില്ല</u>

2023-24 വർഷം ഡിഗ്രിയ്ക്ക് പഠിക്കുന്ന ഇർഫാൻ സഹൽ എന്ന കുട്ടി ശാരീരിക വെല്ലുവിളി നേരിടുന്ന വിഭാഗത്തിലുള്ളതാണ്. ഡിഗ്രിയ്ക്ക് പഠിക്കുന്ന ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ഒരു വർഷം 13,000/- സ്കോളർഷിപ്പായി അനുവദിക്കേണ്ടതാണ്. എന്നാൽ മേൽ പരാമർശിച്ച വിദ്യാർത്ഥിയ്ക്ക് തൻവർഷം 5,300/- രൂപ മാത്രമാണ് നൽകിയിട്ടുള്ളത്. അതുപോലെ മാനസിക വെല്ലുവിളി നേരിടുന്ന പ്രവീണ മോൾ.വി എന്ന കുട്ടിയ്ക്ക് 28,500/- രൂപയ്ക്ക് അർഹതയുണ്ടെങ്കിലും 18,500/- രൂപ മാത്രമാണ് നൽകിയിട്ടുള്ളത്.

അതുൽ വർഗ്ഗീസ്, അഞ്ജലി സുനിൽ എന്നിവർക്ക് അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്നും ഇർഫാൻ സഹൽ, പ്രവീണ മോൾ വി. എന്നിവരെ 2023-24 വർഷത്തെ സ്പിൽ ഓവർ പദ്ധതിയിലുൾപ്പെടുത്തി കുടിശ്ശിക തുക നൽകുന്നതുമാണെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 32/30.9.24) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയത്.

അധികം നൽകിയ തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി കണക്കാക്കി ഈടാക്കുന്നതിന് നടപടി സ്വീകരക്കുന്നതാണ്.

<u>ചെലവ് വിവരം</u>

ബിൽ നം. 7/25.8.23 – 91,175/- (വികസന ഫണ്ട് ജനറൽ)
ബിൽ നം. 6/25.8.23 – 3,00,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)
ബിൽ നം. 8/14.9.23 – 1,10,000/- (ജില്ലാ പഞ്ചായത്ത് വിഹിതം)
ബിൽ നം. 12/17.11.23 – 36,600/- (വികസന ഫണ്ട് ജനറൽ)
ബിൽ നം. 15/6.12.23 – 1,06,500/- (വികസന ഫണ്ട് ജനറൽ)
ബിൽ നം. 18/5.1.24 – 1,50,000/- (വികസന ഫണ്ട് ജനറൽ)
ബിൽ നം. 20/19.3.24 – 26,075/- (ജില്ലാ പഞ്ചായത്ത് വിഹിതം)
ബിൽ നം. 21/19.3.24 – 1,63,925/- (ജില്ലാ പഞ്ചായത്ത് വിഹിതം)
ബിൽ നം. 24/23.3.24 – 8,425/- (വികസന ഫണ്ട് ജനറൽ)

## <u>1-26 വസ്തു നികുതി വിവരശേഖരണത്തിന് തുക അനുവദിച്ചു -സഞ്ചയ സോഫ്റ്റ്‌വെയറിൽ അപ്ഡേഷൻ ചെയ്തില്ല</u>

സർക്കാർ ഉത്തരവ് നം. സ.ഉ.(കൈ) നം.77/2023/തസ്വഭവ തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന്റെ ഭാഗമായി 1.4.2023 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ അവസ്ഥ സ്ഥലപരിശോധന നടത്തി കാലികമാക്കുന്നതിനായി കെട്ടിടം ഒന്നിന് 30 രൂപ നിരക്കിൽ അനുവദിക്കാവുന്നതാണ്. തനത് ഫണ്ട് വൌച്ചറുകളുടെ പരിശോധനയിൽ ഗ്രാമപഞ്ചായത്തിൽ 15-ാം വാർഡിൽ 565 കെട്ടിടങ്ങളുടെ വിവരശേഖരണത്തിന് ഒരു കെട്ടിടത്തിന് 25 രൂപ നിരക്കിൽ അനുശ്രീ എന്ന ജീവനക്കാരിക്ക് 14125 /- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട് (വൌച്ചർ നം.22301011 / 04.02.2024). വിവരശേഖരണത്തിന് നിയോഗിക്കപ്പെട്ട ജീവനക്കാർക്ക് വിവരശേഖരണവും സോഫ്റ്റ്‌വെയറിൽ കെട്ടിടങ്ങളുടെ രേഖപ്പെടുത്തൽ വരുത്തുന്നതിനും പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന് വിധേയമായി ഒരു കെട്ടിടനമ്പറിന് പരമാവധി 30 രൂപയാണ് അനുവദിച്ചിരിക്കുന്നത്. എന്നാൽ വിവരശേഖരണം നടത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ

സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തൽ വരുത്താതെ വിവരശേഖരണത്തിന് മാത്രമാണ് ഒരു കെട്ടിടത്തിന് 25 രൂപ നിരക്കിൽ അനുശ്രീക്ക് വേതനം അനുവദിച്ചത്. സെക്രട്ടറിയുടെ നടപടിക്രമത്തിൽ ജീവനക്കാരി 565 കെട്ടിടങ്ങളുടെ വിവരശേഖരണം പൂർത്തികരിച്ചതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്, എന്നാൽ ജീവനക്കാരിയുടെ അപേക്ഷയിൽ 530 കെട്ടിടങ്ങളുടെ വിവരശേഖരണം പൂർത്തികരിച്ചതിന്റെ വേതനം ആണ് ആവശ്യപ്പെട്ടിട്ടുള്ളത്. അനുശ്രീ പഞ്ചായത്തിലെ ജീവനക്കാരിയാണോ, അല്ലെങ്കിൽ വിവരശേഖരണം എന്ന പ്രത്യേക ആവശ്യത്തിനായി എത്ര ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്, വിവരശേഖരണം പൂർത്തിയാക്കി സഞ്ചയയിൽ കാലികമാക്കിയിട്ടുണ്ടോ, 15-ാം വാർഡിലെ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ടോ ആയതിന് പിന്നീട് തുക ചെലവഴിച്ചിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ അന്വേഷിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (38/1.10.2024) മറുപടി ലഭ്യമാക്കിയില്ല. 15-ാം വാർഡിലെ വസ്തു നികുതി സംബന്ധമായ വിവരശേഖരണം പൂർത്തീകരിച്ച് വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യാതെ തുക അനുവദിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതും വിഷയത്തിൽ സത്വര തുടർനടപടി സ്വീകരിച്ച് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്. മേൽകാരണത്താൽ ചെലവ് തുകയായ 14,125 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 പകൽ വീട് പ്രവർത്തനച്ചെലവ് – അപാകതകൾ.

പഞ്ചായത്തിലെ 4-ാം വാർഡിൽ സ്ഥിതിചെയ്യുന്ന പകൽ വീടിന്റെ ദൈനംദിന ചെലവുകൾക്കായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ടാണിത് (S0051/24). കെയർ ടേക്കറുടെ വേതനം, അന്തേവാസികളുടെ ഭക്ഷണം എന്നിവയ്ക്കാണ് പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത്. കെയർ ടേക്കറുടെ വേതനമായി 70,000/- രൂപയും അന്തേവാസികളുടെ ഭക്ഷണത്തിനായി 1,11,506/- രൂപയുമാണ് തൻവർഷം പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

<u>പകൽ വീട് പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നില്ല.</u>

2022-23 സാമ്പത്തിക വർഷമാണ് പകൽ വീട് പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തത്. ഇവിടെ വിശ്രമ മുറി, ഡൈനിംഗ് ഹാൾ, കിച്ചൺ, ബാത്ത്റൂം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. എന്നാൽ 4-ാം വാർഡിൽ താമസിക്കുന്ന അഞ്ച് വയോജനങ്ങൾ മാത്രമാണ് ഇത് പ്രയോജനപ്പെടുത്തുന്നത്. മറ്റ് വാർഡുകളിലെ വയോജനങ്ങളെ ഇവിടേയ്ക്ക് എത്തിക്കുന്നതിന് നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. മറ്റ് വാർഡുകളിലെ വയോജനങ്ങൾക്കും പകൽ വീടിന്റെ പ്രയോജനം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ഫണ്ട് കൈമാറ്റത്തിലെ പോരായ്മകൾ</u>

പകൽ വീട്ടിലേയ്ക്ക് ഭക്ഷണ വിതരണം നടത്തിയിരുന്നത് സൂര്യകാന്തി കുടുംബശ്രീ ഗ്രൂപ്പാണ്. ട്രഷറി ബിൽ കോപ്പി പരിശോധിച്ചതിൽ, ഓരോ മാസവും വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ തുക കുടുംബശ്രീ ഗ്രൂപ്പിന്റെ അക്കൗണ്ടിലേയ്ക്ക് നൽകുന്നതിന് പകരം കെയർ ടേക്കറുടെ അക്കൗണ്ടിലേയ്ക്കാണ് നൽകിയിട്ടുള്ളത്. ഇത് ക്രമവിരുദ്ധമായ നടപടിയാണ്. ഭക്ഷണ വിതരണം നടത്തുന്ന സൂര്യകാന്തി കുടുംബശ്രീ ഗ്രൂപ്പിന്റെ അക്കൗണ്ടിലേയ്ക്ക് തന്നെ ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 പോസ്റ്റ് ഷിഫ്റ്റിംഗ് - എസ്റ്റിമേറ്റ് ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു

വിവിധ വാർഡുകളിലെ റോഡ് നിർമ്മാണ പ്രവർത്തികൾക്ക് തടസ്സമായി നിലനിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് (പ്രോജക്ട് നം. S0232/24) പ്രകാരം തനത് ഫണ്ടിൽ നിന്നും 88,188/- രൂപ പിൻവലിച്ച് ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്. വാർഡ് 13-ലെ പോസ്റ്റ് ഷിഫ്റ്റിംഗ് പ്രവർത്തിയ്ക്കായുള്ള 25,510/- രൂപയുടെ എസ്റ്റിമേറ്റ് മാത്രമാണ് ഫയലിൽ ഉൾപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ശേഷിക്കുന്ന 62,678/-രൂപ ഏതൊക്കെ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനാണ് വൈദ്യുതി ബോർഡിന് നൽകിയത് എന്നതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 22/27.9.24) മറുപടി നൽകിയില്ല. രേഖകളുടെ അഭാവത്തിൽ 62,678/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

<u>ചെലവ് വിവരം</u>

ചെക്ക് നം. 934475/ 7.2.24 - 88,188/-

**1-29 പേ വിഷ പ്രതിരോധ കുത്തിവെയ്പ് രേഖകൾ ഹാജരാക്കിയില്ല**

ഗ്രാമപഞ്ചായത്ത് തെരുവിൽ അലഞ്ഞ് നടക്കുന്ന നായ്ക്കൾക്ക് പേ വിഷ പ്രതിരോധ കുത്തിവെയ്പ് നൽകുന്നതിനായി 12.09.2023, 13.09.2023 തീയതികളിൽ ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ നിന്നും 104 നായ്ക്കളെ പിടികൂടി നായ് ഒന്നിന് 300 രൂപ നിരക്കിൽ 31,200 /- രൂപ കൃപ, എബിസി സംരഭത്തിന്റെ അക്കൗണ്ടിൽ നൽകിയിട്ടുണ്ട്(വൌച്ചർ നം. 22300778 /3.12.2023). ഓഡിറ്റിൽ ഹാജരാക്കിയ ചെലവ് രേഖകളിൽ ഒരു വാർഡിൽ നിന്നും എത്ര നായ്ക്കളെ പിടികൂടിയിട്ടുണ്ട് എന്ന വിവരം ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല. 104 നായ്ക്കളെ പിടികൂടി കുത്തിവെയ്പ് നൽകി എന്ന് വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഒരു നായ്ക്ക് 300 രൂപ നിരക്ക് നിശ്ചയിച്ചതെങ്ങനെയാണ് എന്നും ഈ തുക അനുവദനീയമാണോ എന്ന സർക്കാർ ഉത്തരവോ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (39/1.10.2024) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക 31,200 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-30 കരാർ വ്യവസ്ഥയിൽ നിയമിച്ച ഡോക്ടർക്ക് വേതനം നൽകൽ - ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്തില്ല**

ആദായ നികുതി നിയമം സെക്ഷൻ 194-J അനുസരിച്ച് ഡോക്ടർമാർ, അക്കൗണ്ടന്റുമാർ, എഞ്ചിനീയർമാർ, ഇന്റീരിയർ ഡിസൈനർമാർ, ആർക്കിടെക്റ്റുകൾ മുതലായവർക്ക് അവരുടെ പ്രൊഫഷണൽ അല്ലെങ്കിൽ സാങ്കേതിക സേവനങ്ങൾക്ക് നൽകുന്ന വാർഷിക വേതനം 30,000/- രൂപയിൽ കൂടുതലാണെങ്കിൽ പ്രസ്തുത വേതനത്തിൽ നിന്നും 10% തുക TDS കിഴിവ് ചെയ്യേണ്ടതാണ്. മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ആർദ്രം പദ്ധതി – അധിക ജീവനക്കാർക്ക് വേതനം നൽകൽ (പ്രോജക്ട് നം. S0059/24) എന്ന പ്രോജക്ട് പ്രകാരം 2023-24 വർഷം വയലാർ കുടുംബാരോഗ്യ കേന്ദ്രത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഡോ.വിപുൽ ആർ. രാജിന്റെ 04/2023, 05/2023 മാസങ്ങളിലെ വേതനമായി 1,15,050/- രൂപ വികസനന ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയ്ക്ക് ആനുപാതികമായി ആദായ നികുതി ഈടാക്കി ഒടുക്കി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

04/2023, 05/2023 മാസങ്ങളിലെ ബിൽ തയ്യാറാക്കിയപ്പോൾ ക്ലറിക്കൽ പിഴവ് മൂലം ആദായ നികുതി കുറവ് ചെയ്യാൻ വിട്ടുപോയതാണെന്നും തുടർന്നുള്ള മാസങ്ങളിൽ കൃത്യമായി ആദായ നികുതി കുറവ് ചെയ്തിട്ടുണ്ടെന്നും ഇതുസംബന്ധിച്ച എൻക്വയറിയ്ക്ക് (നം. 27/27.9.24) മെഡിക്കൽ ഓഫീസർ മറുപടി നൽകി. ഭാവിയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന ഡോക്ടർമാരുടെ ഓരോ മാസത്തേയും വേതനത്തിൽ നിന്നും 10% ആദായ നികുതി ഈടാക്കി വകുപ്പിൽ അടവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ചെലവ് വിവരം

ബിൽ നം. 08/9.5.23 –82,045/-

ബിൽ നം. 21/7.6.23 – 82,045/-

**1-31 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് - വിതരണം അപൂർണ്ണം**

മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം. S0036/24) എന്ന പദ്ധതി പ്രകാരം ഡിസ്പെൻസറിയ്ക്ക് ആവശ്യമായ മരുന്ന് വിതരണം നടത്തുന്നതിനായി ഹോംകോയ്ക്ക് 3,00,000/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ, നാളിതുവരെ 1,62,893/- രൂപയുടെ മരുന്ന് മാത്രമാണ് മേൽ സ്ഥാപനം വിതരണം നടത്തിയിട്ടുള്ളത്. ശേഷിക്കുന്ന തുകയ്ക്കുള്ള മരുന്ന് 10/2024-നകം ലഭ്യമാക്കുന്നതാണെന്ന് ഹോംകോ അറിയിച്ചിട്ടുണ്ടെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 24/27.9.24) മെഡിക്കൽ ഓഫീസർ മറുപടി നൽകിയത്. മരുന്ന് ലഭ്യമാക്കി സ്റ്റോക്ക്, വിതരണ രേഖകൾ ഹാജരാക്കുന്നതുവരെ 1,37,107/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം

ബിൽ നം. 03/29.9.2023 – 3,00,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

**1-32 ഭിന്നശേഷി കലോത്സവം - കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കിയില്ല**

ഭിന്നശേഷി കുട്ടികളുടെ കലാ, കായിക അഭിരുചി വർദ്ധിപ്പിക്കുന്നതിനായി സർക്കാർ നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്ത് ഭിന്നശേഷി കലോത്സവം സംഘടിപ്പിച്ചിട്ടുണ്ട്. ഇതിനായി

75,000/- രൂപ അടങ്കലിൽ ഭിന്നശേഷി കുട്ടികളുടെ കലോത്സവം (പ്രോജക്ട് നം. So021/24) എന്ന പേരിൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കുകയും വികസന ഫണ്ടിൽ നിന്നും 16,785/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കുട്ടികളുടെ യാത്രാബത്ത, ഭക്ഷണ ചെലവ് എന്നിവയ്ക്കാണ് തുക വിനിയോഗിച്ചിട്ടുള്ളത്.

ഫയൽ പരിശോധിച്ചതിൽ, കേവലം എട്ട് കുട്ടികൾ മാത്രമാണ് കലോത്സവത്തിൽ പങ്കെടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് 2023-24 വർഷം 45 കുട്ടികൾക്ക് ഭിന്നശേഷി സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. ഭിന്നശേഷി കുട്ടികൾക്കായി സംഘടിപ്പിച്ച പരിപാടിയിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/27.09.24) സ്കോളർഷിപ്പ് കൈപ്പറ്റുന്ന എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിരുന്നുവെന്നും എന്നാൽ പ്രതീക്ഷിച്ചത്ര കുട്ടികളെ പങ്കെടുപ്പിക്കുവാൻ സാധിച്ചില്ലെന്നും തുടർന്നുള്ള വർഷം ഭിന്നശേഷി കലോത്സവം വളരെ വിപുലമായി സംഘടിപ്പിക്കുന്നതാണെന്നുമാണ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചത്. ഭിന്നശേഷി കുട്ടികൾക്കുള്ള ഇത്തരം പദ്ധതികൾ, അവ ഉദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-33 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പിവിസി വാട്ടർ ടാങ്ക് - ജി.എസ്.ടി. ബിൽ ഹാജരാക്കിയില്ല

2023-24 വർഷം സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നടപ്പാക്കിയ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പിവിസി വാട്ടർ ടാങ്ക് എന്ന പദ്ധതിയിൽ 118 ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് വിതരണം ചെയ്തിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത കുണ്ടേലാറ്റ് ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും ഒരു വാട്ടർ ടാങ്കിന് 3,400/- രൂപ നിരക്കിലാണ് ടാങ്കുകൾ വാങ്ങിയത്. ഫയൽ പരിശോധിച്ചതിൽ കുണ്ടേലാറ്റ് ഏജൻസീസ് എന്ന സ്ഥാപനത്തിന്റെ ജി.എസ്.ടി. ബില്ലിന് പകരം ഇൻവോയ്സുകളാണ് ലഭ്യമായിട്ടുള്ളത് (197200 - 63 / 18.03.2024, 204000 - (61 /27.02.2024). ആകെ-4,01,200/- രൂപ. ജി.എസ്.ടി. തുക രേഖപ്പെടുത്താത്ത ബില്ലിൽ നിന്നും ജി.എസ്.ടി. ഒടുക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. 4,01,200 /- രൂപയുടെ വാങ്ങൽ നടത്തിയിട്ടുള്ളതിനാൽ ജി.എസ്.ടി.യുടെ ടിഡിഎസ് ഇനത്തിൽ 2 % തുക കുറവ് ചെയ്തതിന് ശേഷമാണ് സ്ഥാപനത്തിന് നൽകേണ്ടിയിരുന്നത്. പ്രസ്തുത അപാകത ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക് (2/24.09.2024)ലഭ്യമാക്കിയ മറുപടിയിൽ കുണ്ടേലാറ്റ് ഏജൻസീസ് എന്ന സ്ഥാപനം കോമ്പോസിഷൻ ടാക്സ് പേയർ ആയതിനാൽ ജി.എസ്.ടി. ബില്ലിന്റെ ആവശ്യം ഇല്ല എന്നാണ് അറിയിച്ചത്. മറുപടി അംഗീകരിക്കുന്നില്ല. സെൻട്രൽ, കേരളാ സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് ആക്ട് 2017 പ്രകാരം ഏതെങ്കിലും സാധനങ്ങളോ സേവനങ്ങളോ വിതരണം നടത്തുമ്പോൾ ടാക്സ് ഇൻവോയ്സ് പോലുള്ള രേഖകളിൽ തുകയുടെ ഭാഗമായി വരാവുന്ന നികുതി വ്യക്തമായി സൂചിപ്പിക്കേണ്ടതാണ്. ബില്ലിൽ നികുതി സൂചിപ്പിക്കാത്ത സാഹചര്യത്തിൽ സ്ഥാപനം പ്രസ്തുത പർച്ചേസിന്റെ ജി.എസ്.ടി. തുക സ്ഥാപനത്തിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്ക് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ജി.എസ്.ടി. 8,024 /- രൂപ നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നതായിരിക്കും.

## 1-34 ലൈഫ് പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

വി ഇ ഒ നടപ്പാക്കിയ ലൈഫ് ഭവന നിർമ്മാണ ( ജനറൽ )പദ്ധതികൾ പ്രകാരമുള്ള രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനുള്ള ആദ്യ ഗഡു കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക | ബിൽ വിവരം |
|---|---|---|
| അന്നക്കുട്ടി പടിഞ്ഞാറേ പൂപ്പള്ളി | 40,000 /- | 23060552010700137389/ 22.05.2023 |
| നീതു എ.പി. സാത്വിക് ഭവനം | 40,000 /- | 23060552010700137389/ 22.05.2023 |

**2) ലൈഫ് പദ്ധതി 2020 (എസ് സി)**

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക | ബിൽ വിവരം |
|---|---|---|
| കൌസല്യ പി.വി. | 40,000 /- | 23060552010800241776/26.06.2023 |
| മൽസി | 40,000 /- | 23060552010800241776/26.06.2023 |

പരാമർശിത ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് ആദ്യ ഗഡു ധനസഹായം കൈപ്പറ്റിയ ശേഷം ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/1.10.2024) ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ പക്കൽ നിന്നും തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയശേഷം ഭവനനിർമ്മാണം നടത്താൻ വിസമ്മതിക്കുന്ന ഗുണഭോക്താക്കളിൽ നിന്നും അവർ കൈപ്പറ്റിയ തുക പലിശസഹിതം തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-35 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ-പൂർത്തീകരണ രേഖകളില്ല

ഗ്രാമപഞ്ചായത്തിൽ 2023-24 വർഷം അസിസ്റ്റന്റ് എൻജിനീയർ നടപ്പിലാക്കിയിട്ടുള്ള റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ എന്ന പ്രവൃത്തിയ്ക്കായി വാർഡ് ഒന്നിന് 3,000/- രൂപ നിരക്കിൽ ആയിരുന്നു പദ്ധതി തയ്യാറാക്കിയിരുന്നത്. കരാറുകാരൻ ഒന്നാം ഘട്ട പ്രവർത്തനം പൂർത്തീകരിച്ചതായി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 19,200/- രൂപ, നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിലേർപ്പെട്ടിട്ടുള്ള ശ്രീ.വിഷ്ണു, ഭാർഗ്ഗവി ഭവൻ എന്ന വ്യക്തിയ്ക്ക് നൽകിയിട്ടുണ്ട്. ഈ ചെലവിനാധാരമായി ഹാജരാക്കിയിട്ടുള്ളത്, 2023 ജനുവരി മാസം ശ്രീ.വിഷ്ണു കെ.പി., അച്ചു എ.വി. എന്നീ വ്യക്തികൾ 15 ദിവസം വീതം ജോലി ചെയ്തതിന്റെ ഒരു മസ്റ്റർ റോളാണ്. കരാറിലെ രേഖപ്പെടുത്തൽ പ്രകാരം പഞ്ചായത്തിന്റെ ആസ്തി സംബന്ധിച്ച വിവരങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കും എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കരാറിൽ കാലാവധി രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി നിലവിൽ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടോ എന്നറിയിക്കുവാനും പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (17/26.09.24)ലഭ്യമാക്കിയ മറുപടിയിൽ R-ട്രാക്ക് എന്ന ഓൺലൈൻ സോഫ്റ്റ് വെയർ മുഖാന്തിരം 16 വാർഡിലും സർവ്വെ നടത്തിയിട്ടുണ്ടെന്നും, ആയതിന്റെ പാർട്ട് ബില്ലാണ് നൽകിയിട്ടുള്ളതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നിലവിൽ ഈ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നാണ് മറുപടിയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വെരിഫിക്കേഷൻ പൂർത്തീകരിച്ച് ആസ്തി വിവരങ്ങൾ ഹാർഡ് കോപ്പിയിലാക്കി സെക്രട്ടറിക്ക് നൽകിയതിന്റെ രേഖകളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. ഇവയുടെ അഭാവത്തിൽ ഇതിനായി ചെലവഴിച്ച 19,200/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>അനുബന്ധ വിവരങ്ങൾ-</u>

പ്രോജക്ട് നമ്പർ - S-0163/24

അടങ്കൽ – 48,000/- (തനത് ഫണ്ട്)

ചെലവ് വിവരം – ചെക്ക് നം.001850/15-11-23,

19,200/-രൂപ.

## 1-36 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നത് സംബന്ധിച്ച്

2023-24 വർഷം വികസന ഫണ്ട്/റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ റോഡ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര്/ അളവുപുസ്തകം/ പ്രോജക്ട് നം. | ഈടാക്കിയ തുക | ഫണ്ടിനം. | ബിൽ നമ്പർ / ചെക്ക് നമ്പർ, തിയതി |
|---|---|---|---|---|
| 1 | കോർപ്പറേഷൻ ബാങ്ക്-ചാത്തൻചിറ റോഡ് ടാറിംഗ്-W-3 | 3,095/- | മെയിന്റനൻസ് ഗ്രാന്റ് | 001854//,Dt.21.11.23, (കേരള ബാങ്ക്) 2,43,612/- രൂപ (ആകെ തുക-9,26,532/-) |

| | | | | |
|---|---|---|---|---|
| | 72988/2022, 164/24 | | | |
| 2 | പുതിയകാവ് – കൊല്ലപ്പള്ളി റോഡ് പുനരുദ്ധാരണം - W-12, 43634/22, S0237/24 | 7,306/- | മെയിന്റനൻസ് ഗ്രാന്റ് | 13/23-24,Dt. 25.03.24<br>446000/-(Q-Bill) |

ഈ പ്രവർത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയിട്ടുള്ള തുക സെക്രട്ടറിയുടെ അക്കൌണ്ടിലേക്കാണ് ഒടുക്ക് വരുത്തിയിട്ടുള്ളത്. ടാർ വീപ്പ വിറ്റു കിട്ടുന്ന തുക, ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ തന്നെ നിബന്ധനകൾ പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച പ്രവർത്തികളുടെ വില ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കു വരുത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (14/26.09.24) മറുപടി ലഭ്യമാക്കിയില്ല. തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുകകൾ ബന്ധപ്പെട്ട അക്കൗണ്ട് ഹെഡ്ഡിലേക്കും ജി.എസ്.ടി.യിനത്തിൽ കുറവ് ചെയ്തിട്ടുള്ള തുക പ്രസ്തുത വകുപ്പിലേക്കും ഒടുക്ക് വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-37 എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം- ഹരിത കർമ്മ സേനയിലൂടെ - ലഘു അവലോകനം

എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന പൊതു തത്വത്തെ സാമൂഹ്യ ബോധം ആക്കി മാറ്റുകയും പൊതുസംസ്ക്കരണം ആവശ്യമായ അജൈവ മാലിന്യ സംസ്ക്കരണത്തിന് തദ്ദേശയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് സർക്കാർ ഏജൻസികളുടെയും സ്വകാര്യ സംവിധാനങ്ങളുടെ സഹായത്തോടെ വിപുലമായ സംസ്ക്കരണ സംവിധാനങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ രൂക്ഷമായ മാലിന്യ പ്രശ്നങ്ങൾക്ക് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് രൂപികരിച്ച സംവിധാനമാണ് ഹരിതകർമ്മസേന. മാലിന്യത്തെ വരുമാനം ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഹരിതകർമ്മസേന രൂപികരിക്കപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാഹചര്യത്തിന് അനുസൃതമായി മാലിന്യ ശേഖരണവും സംസ്കരണവും വികേന്ദ്രീകരിക്കുന്നതിലൂടെ മാലിന്യപ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരമുണ്ടാക്കുകയും, അതോടൊപ്പം അവയിൽ നിന്ന് വരുമാനം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

### ഹരിത കർമ്മ സേനയുടെ രൂപികരണം

ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിൽ 6 വാർഡുകളിൽ രണ്ട് വീതവും 10 വാർഡുകളിൽ ഒന്നു വീതവും ഹരിത കർമ്മ സേനാംഗങ്ങളെ നിയമിച്ചിട്ടുണ്ട്. ഇവർ ക്ലസ്റ്ററുകളായി റൊട്ടേഷൻ അടിസ്ഥാനത്തിൽ എല്ലാ വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫിൽ സൂക്ഷിക്കുകയും മാസാവസാനം തരംതിരിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുകയും ചെയ്യുന്നു. വീടുകളിൽ നിന്നും 50/-രൂപയും വ്യപാര സ്ഥാപനങ്ങളിൽ നിന്നും 100/- രൂപയും യൂസർ ഫീ ചുമത്തിയാണ് മാലിന്യ ശേഖരണം നടത്തുന്നത്. കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തിയതിലൂടെ ഓരോ വാർഡിലേയും മാലിന്യ ശേഖരണവും യൂസർ ഫീ കളക്ഷനും പഞ്ചായത്തിൽ നിന്നും നേരിട്ട് മോണിട്ടർ ചെയ്യുവാൻ സാധിക്കുന്നു. ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, വി.ഇഒ., കുടുംബശ്രീ ചെയർപേഴ്സൺ, മുതലായ അംഗങ്ങൾ ഉൾപ്പെട്ട സമിതി പ്രവർത്തിക്കുന്നു. ടി സമിതി ഓരോ മാസവും സേനയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

### ഹരിതകർമ്മസേന പരിശീലനം

ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ കുടുംബശ്രീ, ക്ലീൻ കേരള കമ്പനി എന്നിവയുടെ സംയുക്ത നേതൃത്വത്തിലാണ് ഹരിതകർമ്മസേനയ്ക്ക് പരിശീലനം നൽകുന്നത്. ഇപ്രകാരം ഹരിത കർമ്മ സേനയുടെ രൂപീകരണ സമയത്ത് പ്ലാസ്റ്റിക് സമൂഹത്തിന് ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ, ഇവയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് ബോധവൽക്കരണ ക്യാമ്പെയിൻ, ജൈവ - അജൈവ മാലിന്യങ്ങൾ കൃത്യമായി തരം തിരിക്കുക എന്നിവയുമായി ബന്ധപ്പെട്ട് 3 ദിവസത്തെ പരിശീലനം നൽകിയിരുന്നു. പിന്നീട് നാളിതുവരെ മാലിന്യ ശേഖരണ, സംസ്കരണവുമായി ബന്ധപ്പെട്ട് പരിശീലനമൊന്നും തന്നെ ലഭിച്ചിട്ടില്ല.

### മാലിന്യ ശേഖരണം

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലായി ആകെ 6070 വീടുകളും 406 വ്യാപാര സ്ഥാപനങ്ങളുമുണ്ട്. ഹരിത കർമ്മ സേനയുടെ 2023-24 വർഷത്തെ കളക്ഷൻ റിപ്പോർട്ട് പ്രകാരം ഏകദേശം 6000 വീടുകളും 400 സ്ഥാപനങ്ങളും യൂസർ ഫീ നൽകി ഗ്രാമപഞ്ചായത്തിന്റെ മാലിന്യ ശേഖരണ യജ്ഞവുമായി സഹകരിക്കുന്നുണ്ട്. സ്ഥിരമായി അടഞ്ഞു കിടക്കുന്ന വീടുകളും സ്ഥാപനങ്ങളും ഒഴികെയുള്ള വീടുകളും സ്ഥാപനങ്ങളും യൂസർ ഫീ നൽകി ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്. ഓരോ മാസവും ഏകദേശം 6 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. ശേഖരിക്കുന്ന എല്ലാ മാലിന്യങ്ങളും ഉറവിടത്തിൽത്തന്നെ വേർതിരിക്കുകയും റീസൈക്ലിംഗ് ചെയ്യാൻ സാധിക്കാത്ത ലെഗസി (എം.എൽ.പി) വേസ്റ്റുകൾ പ്രത്യേകം സൂക്ഷിക്കുകയും ചെയ്യുന്നു. ശുചിത്വ മിഷൻ അംഗീകരിച്ച വാർഷിക പ്രവർത്തന കലണ്ടർ പ്രകാരം പ്ലാസ്റ്റിക് വേസ്റ്റിനോടൊപ്പം തുണി, പോളി എത്തിലിൻ പ്രിന്റിംഗ് ഷീറ്റുകൾ, ഇ-വേസ്റ്റ് മുതലായവ ഓരോ മാസവും റൊട്ടേഷൻ അനുസരിച്ച് വീടുകളിൽ നിന്നും കടകളിൽ നിന്നും ശേഖരിച്ചുവരുന്നു. ഇത്തരത്തിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ കൃത്യമായി തരംതിരിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് നൽകുന്നതിലൂടെ ഓരോ മാസവും ശരാശരി 2.5 ലക്ഷം രൂപയുടെ വരുമാനം ലഭിക്കുന്നു. എം എസി എഫിന്റെ സ്ഥലസൌകര്യത്തിന്റെ അഭാവം മൂലം ചില്ല് തെർമോക്കോൾ എന്നിവ എടുക്കാറില്ല.

**<u>ലെഗസി വേസ്റ്റുകളുടെ നിർമ്മാർജ്ജനം</u>**

ഹരിത കർമ്മ സേന ശേഖരിക്കുന്ന, പുനരുപയോഗിക്കുവാൻ സാധിക്കാത്ത ലെഗസി (എം.എൽ.പി) വേസ്റ്റുകളുടെ അളവ് ഓരോ മാസവും വർദ്ധിച്ചു വരുകയാണ്. പുനരുപയോഗിക്കുവാൻ സാധിക്കാത്ത ഇത്തരം പ്ലാസ്റ്റിക് മാലിന്യങ്ങൾ കിലോഗ്രാമിന് 10 രൂപ ചുമത്തിയാണ് ക്ലീൻ കേരള കമ്പനിയും ഗ്രീൻ ലൈഫ് കമ്പനി 8 രൂപയ്ക്കുമാണ് ഇവ ഏറ്റെടുക്കുന്നത്. ലെഗസി (എം.എൽ.പി) വേസ്റ്റുകളുടെ നിർമ്മാർജ്ജനം ഗ്രാമപഞ്ചായത്തിന് ഓരോ മാസവും വലിയ സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നു. തൻവർഷം ഇവയുടെ നിർമ്മാർജ്ജനത്തിനായി ഗ്രീന്ര ലൈഫ് കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. 13 ടൺ മുകളിൽ ലെഗസി വേസ്റ്റുകൾ കമ്പനിക്ക് നൽകിയിട്ടുണ്ട്. കമ്പനി ബിൽ ഹാജരാക്കാത്തതിനാൽ എത്ര രൂപ കമ്പനിക്ക് കൊടുക്കണമെന്ന് കണക്കാക്കിയിട്ടില്ല. ലെഗസി (എം.എൽ.പി) വേസ്റ്റുകളുടെ നിർമ്മാർജ്ജനത്തിന് റിസോഴ്സ് റിക്കവറി ഫെസിലിറ്റി (R.R.F) കേന്ദ്രം പോലെയുള്ള സംവിധാനങ്ങൾ കൂടി ആവിഷ്ക്കരിച്ചാൽ ഈയിനത്തിലെ ബാധ്യത ലഘൂകരിക്കുന്നതിന് സഹായകരമാണ്.

**<u>മാലിന്യ നീക്കത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ.</u>**

വിവിധ വാർഡുകളിൽ നിന്നും പ്രതിമാസം 5-6 ടണ്ണോളം പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. ഇവ ശേഖരിച്ച് സൂക്ഷിക്കുന്നതിന് ആവശ്യമായ സംഭരണ കേന്ദ്രങ്ങൾ 2 എണ്ണം ഉണ്ടെങ്കിലും സ്ഥല പരിമിതികൾ ഉണ്ട്. 16 വാർഡുകളിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനായി നിലവിൽ 16 മിനി എം.സി.എഫുകൾ മാത്രമാണ് ഉള്ളത്. 2 മിനി എം സി എഫുകൾ നിർമ്മാണ ഘട്ടത്തിലാണ്. ഓരോ വാർഡിലും കുറഞ്ഞത് രണ്ട് മിനി എം.സി.എഫുകൾ വീതം സ്ഥാപിച്ചാൽ മാത്രമേ മാലിന്യ കാര്യക്ഷമമായി സൂക്ഷിക്കുവാൻ സാധിക്കുകയുള്ളു. പഞ്ചായത്ത് തലത്തിൽ ഏകദേശം 540 സ്ക്വ.മീറ്റർ വിസ്തീർണ്ണമുള്ള ഒരു പ്രധാന എം.സി.എഫ് പതിനഞ്ചാം വാർഡിൽ പ്രവർത്തിക്കുന്നുണ്ട്. 16 വാർഡുകളുള്ള പഞ്ചായത്തിലെ മാലിന്യങ്ങൾ സൂക്ഷിക്കുവാൻ ഇത് തികച്ചും അപര്യപ്തമാണ്. പ്രധാന എം.സി.എഫിന്റെ വിസ്തീർണ്ണം കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**<u>ഹരിത കർമ്മ സേന കൺസോർഷ്യത്തിന്റെ പ്രവർത്തനം</u>**

പഞ്ചായത്തിലെ ഹരിത കർമ്മ സേന പ്രവർത്തകരെ ഏകോപിപ്പിച്ച് ഹരിതകർമസേന കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് ഹരിതകർമ്മസേന കൺസോർഷ്യം രൂപീകരിച്ചിട്ടുള്ളത്. അജൈവ മാലിന്യ ശേഖരണം മുതൽ അവ തരംതിരിച്ച് വിപണനം നടത്തുന്നതുവരെയുള്ള വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ഹരിത സംരംഭകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുകയുമാണ് ഹരിത കർമ്മ സേന കൺസോർഷ്യത്തിന്റെ പ്രധാന കർത്തവ്യം. കൺസോർഷ്യത്തിന്റെ നോഡൽ ഓഫീസർ അസിസ്റ്റന്റ് സെക്രട്ടറിയും ചാർജ് ഓഫീസർ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമാണ്. ഓരോ മാസവും യൂസർ ഫീ കളക്ഷനായി ലഭിക്കുന്ന തുകയുടെ 10% കൺസോർഷ്യത്തിന്റെ കോർപ്പസ് അക്കൗണ്ടിൽ സൂക്ഷിക്കുകയും ബാക്കി തുക അംഗങ്ങൾക്ക് തുല്യമായി വീതിച്ചു നൽകുകയും ചെയ്യുന്നു. സേനയിലെ ഓരോ അംഗത്തിനും പ്രതിമാസം ശരാശരി 10,000/- രൂപ വേതനം ലഭിക്കുന്നു.

**കൺസോർഷ്യം മുഖേനയുള്ള സംരംഭക യൂണിറ്റുകൾ**

അംഗങ്ങൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്നതിനായി ഹരിത കർമ്മ സേന കൺസോർഷ്യം മുഖേന സംരംഭക യൂണിറ്റുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത മാർഗ്ഗരേഖയിൽ ചൂണ്ടികാണിച്ചിട്ടുണ്ടെങ്കിലും അവ വിജയകരമായി നടത്തി വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ ശൈശവദശയിൽ തന്നെയാണ്. ഇനോകുലം വിതരണവും നടത്തുക മുതലായ ചെറിയ സംരംഭ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഓരോ മേഖലയിൽ പ്രാവീണ്യമുള്ളവരെ ഉൾപ്പെടുത്തി വരുമാനദായകമായ വ്യത്യസ്ത സംരംഭക യൂണിറ്റുകൾ തുടങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**ഓഡിറ്റിന്റെ ശുപാർശ**

A) പേപ്പർ, തുണി ക്യാരി ബാഗുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക. കൺസോർഷ്യത്തിന്റെ കീഴിൽ ഇത്തരം ക്യാരി ബാഗ് ഉല്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

B) എല്ലാ വാർഡുകളിലും ഹരിത കർമ്മ സേനയെ നിയമിക്കുക, ശുചിത്വ മിഷന്റെ വാർഷിക കലണ്ടർ പ്രകാരം ഓരോ മാസവും കൃത്യമായ ഇടവേളകളിൽ എല്ലാത്തരം മാലിന്യങ്ങളും ശേഖരിക്കുക.

C) പുനരുപയോഗ്യമല്ലാത്ത ലെഗസി മാലിന്യങ്ങളുടെ ഉല്പാദനവും ഉപയോഗവും നിർത്തലാക്കുന്നതിന് സർക്കാർ തലത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുക. ഇവയുടെ ഉപയോഗം മൂലം ഉണ്ടാകുന്ന ആരോഗ്യ, പാരിസ്ഥിതിക പ്രശ്നങ്ങളെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുക. തുണി സഞ്ചികൾ, പേപ്പർ ക്യാരി ബാഗുകൾ എന്നിവയുടെ ഉൽപ്പാദനവും ഉപയോഗവും പരമാവധി പ്രോത്സാഹിപ്പിക്കുക.

D) ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റി (R.R.F) കേന്ദ്രം പ്രവർത്തനസജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുക.

മേൽ നടപടികളിലൂടെ ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ അജൈവ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ചിട്ടയായതും നിരന്തരവുമായ ഇടപെടൽ ആവശ്യമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തു നികുതി, റെഗുലറൈസേഷൻ ഫീ എന്നിവ നിർണ്ണയച്ചതിലെ ന്യൂനതകൾ മൂലം വരുമാന നഷ്ടം

ദിവ്യകുമാർ ജയിനിന്റെ ഉടമസ്ഥതയിലുള്ള ജയ്ഹിന്ദ് സ്റ്റീൽ എന്ന സ്ഥാപനത്തിന്റെ നികുതി നിർണ്ണയഫയൽ പരിശോധിച്ചതിൽ താഴെകൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1) 16.9.2020 ൽ C3.2066/2020 നമ്പരായി കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയിരിക്കുന്നത് 3804.76m$^2$ നിർമ്മാണത്തിനാണ്. എന്നാൽ പണിപൂർത്തീകരിച്ച് നികുതി നിർണ്ണയിച്ചിരിക്കുന്നത് 4683.99m$^2$നാണ് .പെർമിറ്റിൽ അധികരിച്ച് നിർമിച്ചിട്ടുള്ള 879.23 M$^2$ വിസ്തീർണ്ണം റഗുലറൈസ് ചെയ്ത് ഫീസ് ഈടാക്കിയതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. 2,11,015/- രൂപ റഗുലറൈസേഷൻ (879.23x240)ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

2)നികുതി നിർണ്ണയ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിടനമ്പർ/ വിസ്തീർണ്ണം | ഉപയോഗക്രമം | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|
| 1 | 1/1B-154.9m$^2$ | ഓഫീസ് കെട്ടിടം | @50<br>7745<br>മേൽക്കൂര ഇളവ്10%=774.5<br>വഴി സൌകര്യം വർദ്ധനവ്-20%=1549 | @55<br>8520<br>മേൽക്കൂര ഇളവ്10%-852<br>വഴി സൌകര്യം വർദ്ധനവ്-20% | 852 |

| | | | | | |
|---|---|---|---|---|---|
| | | | ആകെ വസ്തു നികുതി=8520/- | =1704<br>ആകെ വസ്തു നികുതി-9372 | |
| 2 | 1/1A-4529.09$m^2$ | ഗോഡൌൺ | @80<br>362327.2<br>മേൽക്കൂര ഇളവ്10%-36232.72<br>ആകെ വസ്തു നികുതി<br>=326094/- | @80<br>362327.2<br>മേൽക്കൂര ഇളവ്10%=36232.72<br>വഴി സൌകര്യം വർദ്ധനവ്-20%<br>=72465<br>ആകെ വസ്തു നികുതി<br>=398559/- | 72465/- |
| ആകെ | 4683.99$m^2$ | | | | 73317/- |

മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾ ഒരേ കോംപൌണ്ടിൽ സ്ഥിതി ചെയ്യുന്നതും കെട്ടിടത്തിലേക്ക് 5 മീറ്ററിലധികമുള്ള PWD റോഡിൽ നിന്നുംവഴിസൌകര്യമുള്ളതുമാണ്.എന്നാൽ ക്രമ നം. (2) ലെ കെട്ടിടത്തിന് വഴിസൌകര്യത്തിനുള്ള 20% വർദ്ധനവ് നല്കാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.ക്രമ നം 1)ലെ കെട്ടിടം 23.6.23-ൽ നികുതി നിർണ്ണയിച്ചതിനാൽ പുതുക്കിയ നികുതി നിരക്ക് പ്രകാരം ബാധകമായ 55/-രൂപ നിരക്കിലേക്ക് ക്രമീകരിച്ചിട്ടില്ല.

3) മേൽ സൂചിപ്പിച്ചിട്ടുള്ള വിസ്തീർണ്ണം കൂടാതെ താഴെ കൊടുത്തിരിക്കുന്ന നിർമ്മിതികൾ കൂടി ഇതോടൊപ്പം പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവയ്ക്ക് നികുതി നിർണ്ണയിച്ചതായി കാണുന്നില്ല.

1) കംപ്ലീറ്റഡ് ടോയ്‌ലറ്റ് ബ്ലോക്ക് -40.5$m^2$

2) കംപ്ലീറ്റഡ് ഇലക്ട്രിക്കൽ റൂം-18.36$m^2$

3) കംപ്ലീറ്റഡ് വെയ്ബ്രിഡ്ജ് ഓഫീസ് -6 $M^2$

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (35/30.9.2024) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ കെട്ടിടഭാഗങ്ങളുടെ നികുതി നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്. കുറവായി ഈടാക്കിയ നികുതി പുനർനിർണ്ണയിച്ച് കെട്ടിട ഉടമയിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതും അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതുമാണ്.

**2-2 മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കിയില്ല**

2023-24 വർഷത്തേക്കുള്ള ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുള്ള യന്ത്രശക്തിക്ക് ആനുപാതികമായി മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കിയിട്ടില്ല.

| ക്രമ നം. | ഉടമയുടെ പേര് / വാർഡ്/വീട്ട്നമ്പർ | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന കുതിരശക്തി | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | അജിത് വി. നാഗേന്ദ്രൻ(10/211A) | എ.ജി.പി സിറ്റി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് | 199HP | 2000 | 2000 |
| 2 | ലത എൻ.കിളികാർ (10/560G,F) | ശ്രീനിവാസ് ഫ്യൂവൽസ് | 10HP | 100 | 100 |
| 3 | അരുൺ പ്രസാദ് 12/256,257,258 | വിൽട്സൺ വീവേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | 525 Kw=704HP | 7040 | 7040 |
| 4 | മായ, കിഷോർ (15/227F) | ജിയോനെറ്റ് എൻവിറോ സൊല്യൂഷൻസ്, പ്രൈവറ്റ് | രേഖപ്പെടുത്തിയിട്ടില്ല | - | - |

| | | | | | |
|---|---|---|---|---|---|
| | | ലിമിറ്റഡ്) കയർ, കയറിതര ഉത്പ്പന്നങ്ങളുടെ നിർമ്മാണം | | | |
| 5 | കെ.ആർ.ദാസപ്പൻ, സസ്യഭവനം 15/31 | പൊടിമില്ല് | 10HP | 100 | 100 |
| 6 | പ്രദീപ് കുമാർ.പി.ജി 3/518 | ഫർണ്ണിച്ചർ നിർമ്മാണം | 10HP | 100 | 100 |
| 7 | സരോജിനി നിവർത്തിൽ 11/491 | തടിമില്ല് | 32HP | 400 | 400 |
| 8 | ആശ തുഷാർ,8/467A | ശബരി കയർ വർക്സ് | 15HP | 200 | 200 |
| 9 | ചിത്രകുമാരി 9/1A | പൊടിമില്ല് | 10HP | 100 | 100 |
| 10 | സജി കെ.കെ., കാർത്തിക 14/438 | തടിമില്ല് | 32HP | 400 | 400 |
| 11 | സാബു പി.ജി., പരപ്പേൽ നിവർത്ത് 7/248 | പൊടിമില്ല് | 10HP | 100 | 100 |
| 12 | അഹമ്മദ് ഷാഫി പുത്തേഴത്ത്3/440 | പൊടിമില്ല് | 10HP | 100 | 100 |
| ആകെ | | | | | 10640 |

മേൽ അപേക്ഷകരിൽ നിന്നും ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിക്കനുസരിച്ച് ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരം മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം അറിയിക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (10/26.9.2024) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള ഫീസ് ഈടാക്കി മാത്രം ലൈസൻസ് അനുവദിക്കേണ്ടതും, മോട്ടർ റണ്ണിംഗ് ഫീസ് ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 2-3 മൂലധന നിക്ഷേപത്തിനനുസൃതമായി ലൈസൻസ് ഫീസീടാക്കിയില്ല

1996 ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുൽ ചട്ടങ്ങളിലെ, 7-ാം ചട്ടത്തിലെ പട്ടിക II പ്രകാരം വ്യാപാര/ വ്യവസായ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന്റെ വാർഷിക ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത്.

താഴെ സൂചിപ്പിക്കുന്ന സ്ഥാപനത്തിന്റെ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 13.3.2023-ലെ KPCB/AL/ICO-19137/23 നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം മൂലധന നിക്ഷേപം 1253.58 ലക്ഷം (12.53 കോടി) രൂപയാണ്. ടി മൂലധന നിക്ഷേപത്തിന് അനുസൃതമായി കേരളാ പഞ്ചായത്തി രാജ് 232 വകുപ്പിന്റെ 31.10.2017 ലെ ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പട്ടികII പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര്/ സ്ഥാപനം | ഈടാക്കിയ ലൈസൻസ് ഫീസ് | ഇടാക്കേണ്ട ലൈസൻസ് ഫീസ് | കുറവ് |
|---|---|---|---|---|
| 1 | മഹേന്ദ്രകുമാർ ജയിൻ, ജയ്ഹിന്ദ് സ്റ്റീൽ (1/1A) | 10,000/- 1230101055/14.9.2023 | 15,000 | 5,000 |

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (41/01.10.2024) നല്കിയതിന് മറുപടിയായി സർട്ടിഫിക്കറ്റ് പ്രകാരമുള്ള മൂലധന നിക്ഷേപത്തിനനുസൃതമായി ഫീസീടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള ഫീസ് ഈടാക്കി മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്. കുറവ് വന്ന ലൈസൻസ് ഫീസീടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്- അനുവദനീയമായതിൽ കൂടുതൽ തുക നൽകി

പ്രോജക്ടിന്റെ പേര്, നം - ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്.

പ്രോജക്ട് നം - S0022 /2023-24

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അടങ്കൽ തുക – 12,18,000/-
ചെലവ് തുക – 9,92,700/-

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ഒരു വർഷം സ്കോളർഷിപ്പ് ഇനത്തിൽ പരമാവധി 28,500/- രൂപയാണ് നൽകാവുന്നത്. എന്നാൽ താഴെപറയുന്ന കുട്ടികൾക്ക് അർഹമായതിലും കൂടുതൽ തുക വിതരണം ചെയ്തതായി കാണുന്നു.

| ക്രമ നം. | കുട്ടിയുടെ പേര് | നൽകിയ തുക | അർഹമായ തുക | അധികം നൽകിയത് |
|---|---|---|---|---|
| 01 | അതുൽ വർഗ്ഗീസ് | 29,500 | 28,500 | 1,000 |
| 02 | അഞ്ജലി സുനിൽ | 30,500 | 28,500 | 2,000 |
| | ആകെ | | | 3,000 |

അതുൽ വർഗ്ഗീസ്, അഞ്ജലി സുനിൽ എന്നിവർക്ക് അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്ന് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 32/30.9.24) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയത്. അധികം നൽകിയ തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി കണക്കാക്കി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ചെലവ് വിവരം

ബിൽ നം. 7/25.8.23 – 91,175/- (വികസന ഫണ്ട് ജനറൽ)
ബിൽ നം. 6/25.8.23 – 3,00,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)
ബിൽ നം. 8/14.9.23 – 1,10,000/- (ജില്ലാ പഞ്ചായത്ത് വിഹിതം)
ബിൽ നം. 12/17.11.23 – 36,600/- (വികസന ഫണ്ട് ജനറൽ)
ബിൽ നം. 15/6.12.23 – 1,06,500/- (വികസന ഫണ്ട് ജനറൽ)
ബിൽ നം. 18/5.1.24 – 1,50,000/- (വികസന ഫണ്ട് ജനറൽ)
ബിൽ നം. 20/19.3.24 – 26,075/- (ജില്ലാ പഞ്ചായത്ത് വിഹിതം)
ബിൽ നം. 21/19.3.24 – 1,63,925/- (ജില്ലാ പഞ്ചായത്ത് വിഹിതം)
ബിൽ നം. 24/23.3.24 – 8,425/- (വികസന ഫണ്ട് ജനറൽ)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | (മുന്നിരിപ്പ് ഉൾപ്പെടെ) | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 2,00,000 | അങ്കണവാടി പോഷകഹാരം | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 3,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 3,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 14,60,000 | ലൈഫ് പദ്ധതി (എസ് സി) | 14,60,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 1,00,000 | അതി ദരിദ്രർക്ക് ഭവനനിർമ്മാണം | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 1,00,000 | അഗതി രഹിത കേരളം | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 1,53,000 | ലൈഫ് പദ്ധതി (ജനറൽ) | 1,53,000 | 0 |
| ആകെ | | 23,13,000 | | 23,13,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 1,00,000 | അങ്കണവാടി പോഷകാഹാരം | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 3,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 3,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | | | ഇരട്ടവീട് ഒറ്റയാക്കൽ | | |
| ജില്ലാ പഞ്ചായത്ത് | 2023-24 | 7,00,000 | ലൈഫ് എസ് സി | 7,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 18,20,000 | ലൈഫ് പദ്ധതി (ജനറൽ) | 18,20,000 | |
| ആകെ | | 29,20,000 | | 29,20,000 | 0 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 92,23,312/-രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| Life KURDF | 6872/2022/Fin 1049/23/Fin | 92,23,312/ | 3,91,31,558 | 41,01,976 | | 4,42,52,874 |

### 4-5 സ്ഥിര നിക്ഷേപം

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം പിരിച്ച 20,979/- രൂപ യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

[illegible] 20,979/- [illegible]

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ, തിയ്യതി |
|---|---|---|---|---|
| 2022-23 | 3(1) | 5,000 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 1230101820/23.12.2023 |
| 2022-23 | 3(2) | 13,479 | ഭാർഗ്ഗവൻ, കരാറുകാരൻ | 1230101865/ 29.12.2023 |
| 2022-23 | 3(1) | 2,500 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 1230102230 /7.12.2023 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 5,28,20,314 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 5,04,98,211 |
| വരവിനങ്ങളിലുള്ള നഷ്ടം | : 29,99,72 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 3,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 2,64,310 /- |

**(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2,84,332 | | ശ്രീ.ക്ലീറ്റസ് ഇ., സെക്രട്ടറി |
| 2-2 | 10,640 | | ശ്രീ.ക്ലീറ്റസ് ഇ., സെക്രട്ടറി |
| 2-3 | 5,000 | | ശ്രീ.ക്ലീറ്റസ് ഇ., സെക്രട്ടറി |
| 3-1 | | 3,000 | ശ്രീമതി മോനിഷ എസ്., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 2,99,972 | 3,000 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 14,125 /- | ശ്രീ.ക്ലീറ്റസ് ഇ., സെക്രട്ടറി |
| 1-28 | 62,678/- | ശ്രീ.ക്ലീറ്റസ് ഇ., സെക്രട്ടറി |
| 1-29 | 31,200 /- | ശ്രീ.ക്ലീറ്റസ് ഇ., സെക്രട്ടറി |
| 1-31 | 1,37,107/- | ഡോ.ബലരാജ് എസ്., മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-35 | 19,200/- | ശ്രീ.ദിനേശ്കുമാർ കെ.എസ്., അസിസ്റ്റന്റ് എൻജിനീയർ |

| | |
|---|---|
| ആകെ | 2,64,310/- |

(സി) **<u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നം. | തുക |
|---|---|
| 1-30 | 11,505/- |
| 1-33 | 8,024 /- |
| ആകെ | 19,529 |

(ഡി) **<u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ക്ലീറ്റസ് ഇ., സെക്രട്ടറി | സെക്രട്ടറി വയലാർ ഗ്രമാപഞ്ചായത്ത് | ചിറ്റേത്ത്, കാട്ടൂർ പി.ഒ., ആലപ്പുഴ |
| ശ്രീമതി മോനിഷ എസ്.ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, വയലാർ ഗ്രാമപഞ്ചായത്ത് | ചിറയിൽ പൊന്നാട് പി.ഒ., മണ്ണഞ്ചേരി, ആലപ്പുഴ |
| ശ്രീ.ദിനേശ്കുമാർ കെ.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വയലാർ ഗ്രാമപഞ്ചായത്ത് | ദേവാമൃതം, വേളോർവട്ടം, സി എം സി 1, ചേർത്തല പി.ഒ. പിൻ- 688524 |
| ഡോ.ബലരാജ് എസ്., മെഡിക്കൽ ഓഫീസർ, ഹോമിയോ | ഗവ. ഹോമിയോ ഡിസ്പെൻസറി, വയലാർ | കണ്ണിത്തോട്ട് ഹൌസ്, എരമല്ലൂർ പി.ഒ., ചേർത്തല |
| ശ്രീമതി ലീന ഡെന്നീസ്, ഫിഷറീസ് ഇൻസ്പെക്ടർ | മുഹമ്മ ഗ്രാമപഞ്ചായത്ത് | പുത്തൻവെളിയിൽ ഹൌസ്, മുഹമ്മ പി.ഒ., ചേർത്തല |

**<u>4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | കെ.എസ്.എ-എ.എൽ.പി/പി2-1235/2022 തീയതി, 30.11.2022 |
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2006-07 | |
| 2007-08 | എൽ.എഫ്.എ.പി.4-605/2011/28.11.11/3.12.11 |
| | |

| | |
|---|---|
| 2008-09 | കെ.എസ്.എ-എ.എൽ.പി/പി2-1235/2022 തീയതി, 30.11.2022 |
| 2009-10 | |
| 2010-11, 2011-12 & 2012-13 | |
| 2013-14 | |
| 2014-15 | |
| 2015-16 | |
| 2016-17 | കെ.എസ്.എ.എ.എൽ.പി.പി2-1173/2017/18.09.2017 |
| 2017-18 | നം.കെ.എസ്.എ-എ.എൽ.പി/പി2-1620/2018/12-12-18 |
| 2018-19 | നം.കെ.എസ്.എ-എ.എൽ.പി/പി2-399/2020/11.6.20 |
| 2019-20 | നം.കെ.എസ്.എ-എ.എൽ.പി/പി2-741/2021/24.09.2021 |
| 2020-21 | നം.കെ.എസ്.എ-എ.എൽ.പി/പി2-742/2021/24.09.2021 |
| 2021-22 | നം.കെ.എസ്.എ-എ.എൽ.പി/പി2-1122/2022/31.10.2022 |
| 2022-23 | നം.കെ.എസ്.എ-എ.എൽ.പി/പി2-1196/2023/07.11.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1(1) dated 31-05-2024 and submitted on 14-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Vayalar Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Vayalar Grama Panchayat as on 31-03-2024

**Date: 27/11/2024** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Vayalar Grama Panchayat for the Year 2023-2024.**

**1.Major Observations**

**2.Other Observations**

1) Notes on accounts, Ratios as per accounting rules are not included in the annual accounts.
2) The amount received in grant was not entered under the correct head
3) Unspent refunds are not credited under the respective head
4) The entry in the register also does not match the AFS
5) The demand entries of property tax, professional tax etc are not recorded in the ledger at the beginning of the year and every month thereafter. No monthly reconciliations are made between ledger balances and concerned registers.

Deputy Director

**<u>അനുബന്ധം-2</u>**
**<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>**

ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്